**സബ്മിഷൻ**

(1) പക്ഷിപ്പനി

മി. സ്പീക്കർ: ഇതേ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട തോമസ് ചാണ്ടിയും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആലപ്പുഴ ജില്ലയിൽ കുട്ടനാട്, അപ്പർ-കുട്ടനാട് മേഖലയിൽ ഭീതി വിതച്ചുകൊണ്ട് പക്ഷിപ്പനി രൂക്ഷമാകുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പള്ളിപ്പാട്, ചെറുതന, കുട്ടനാട് നിയോജകമണ്ഡലത്തിലെ തകഴി, രാമങ്കരി, കൈനടി, നീലംപേരൂർ തുടങ്ങിയ പ്രദേശങ്ങളിലാണ് പക്ഷിപ്പനി എന്നറിയപ്പെടുന്ന എച്ച്5 എൻ8 വൈറസ് മൂലമുണ്ടാകുന്ന രോഗം ബാധിച്ച് താറാവുകൾ ചത്തൊടുങ്ങുന്നത്. ക്രിസ്തുമസ് സീസൺ ആയതുകൊണ്ട് ഇപ്പോൾ ധാരാളം താറാവുകളെ കർഷകർ വാങ്ങി വളർത്താറുണ്ട്. കഴിഞ്ഞ വർഷം 10 ലക്ഷം താറാവുകളാണ് ക്രിസ്തുമസ് സീസണിൽ വിറ്റുപോയത്. എന്നാൽ കർഷകരുടെ പ്രതീക്ഷകളെയെല്ലാം തല്ലിക്കൊഴിച്ചുകൊണ്ട് ആയിരക്കണക്കിന് താറാവുകൾ ചത്തൊടുങ്ങുകയാണ്. 2014-ൽ പക്ഷിപ്പനി പടർന്നുപിടിച്ചപ്പോൾ ലക്ഷക്കണക്കിന് താറാവുകളെയാണ് കൊന്നൊടുക്കിയത്. ഇപ്പോൾ കേവലം മൂന്നുലക്ഷം

രൂപവരെയാണ് ദുരിതാശ്വാസത്തിനുവേണ്ടി നൽകിയത്. അത് വളരെ അപര്യാപ്തമാണ്. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ എം.എൽ.എ. അദ്ദേഹത്തിന്റെ മണ്ഡലമായ ചെങ്ങന്നൂരിലെ ചെന്നിത്തല പഞ്ചായത്തിൽ രോഗം ബാധിക്കാത്ത താറാവുകളെ മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടുപോകാനുള്ള പ്രയാസവും എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രണ്ടുകോടി രൂപ അനുവദിക്കുകയും വളർത്തുപക്ഷികൾക്ക് നഷ്ടപരിഹാരമായി, രണ്ടുമാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് ഒന്നിന് 100 രൂപ വീതവും രണ്ടുമാസവും അതിന് മുകളിൽ പ്രായമുള്ളവയ്ക്ക് 200 രൂപ വീതവും നൽകുകയുണ്ടായി. അതോടൊപ്പം രോഗബാധിത പ്രദേശങ്ങളിലെ ഹാച്ചറികളിലുള്ള മുട്ടകളും മുട്ടക്കുഞ്ഞുങ്ങളും നശിപ്പിക്കുന്നതിന്റെ ഭാഗമായി 5 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകുകയും ചെയ്തു. മാത്രമല്ല, പക്ഷിപ്പനിയുടെ പ്രാഥമിക ലക്ഷണം കണ്ടപ്പോൾതന്നെ മുൻകരുതലുകൾ എടുക്കാൻ വൈകി എന്നൊരു ആക്ഷേപം നിലവിലുണ്ട്. അത് ബഹുമാന്യനായ മന്ത്രി പരിശോധിക്കണം. ചത്തതാറാവുകളെ ഉടൻ സംസ്കരിക്കാനുള്ള നടപടി സ്വീകരിക്കണം. ചത്തതാറാവുകളെ അവിടെത്തന്നെ കുഴിച്ചിടുന്നത് രോഗം പടർന്നുപിടിക്കാൻ കാരണമാവുകയാണ്. ആരോഗ്യ വകുപ്പ് ജീവനക്കാർ

ബ്ലീച്ചിംഗ് പൗഡർ തളിക്കുക എന്നതുമാത്രമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ശാസ്ത്രീയമായ ഒരു പരിശോധന ഇക്കാര്യത്തിൽ ആവശ്യമാണ്. എല്ലാ രണ്ട് വർഷം കൂടുമ്പോഴും ഈ രോഗം കുട്ടനാട്-അപ്പർ കുട്ടനാട് മേഖലയിൽ ഉണ്ടാകുന്നുവെന്നുള്ളത് ഗുരുതരമാണ്. ഈ കർഷകരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതോടൊപ്പം തന്നെ പക്ഷിപ്പനി പരിശോധിക്കാനുള്ള ലാബ് ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കാനുള്ള നടപടിയെടുക്കണം. ഭോപ്പാലിലോ ബാംഗ്ലൂരോ ഉള്ള ലാബുകളെയാണ് ഇതിനായി ആശ്രയിക്കുന്നത്. കുട്ടനാട്ടിൽ ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് ശാസ്ത്രീയമായ നിലയിൽ ഇതിന്റെ കാരണങ്ങൾ കണ്ടെത്തി ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ആയിരക്കണക്കിന് താറാവുകളെയാണ് ഇപ്പോൾ രോഗം ബാധിച്ചിരിക്കുന്നത്. കർഷകർ വളരെയേറെ പ്രതിസന്ധിയിലാണ്. അടിയന്തര നടപടിയും അടിയന്തര ധനസഹായവും ഉണ്ടാകണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ആലപ്പുഴ ജില്ലയിലെ തകഴി പഞ്ചായത്തിലും തൊട്ടടുത്ത പഞ്ചായത്തുകളിലും രോഗലക്ഷണങ്ങൾ കണ്ടതിനെത്തുടർന്ന് വിശദമായ പരിശോധനകൾക്കായി സാമ്പിൾ ശേഖരിച്ച് തിരുവല്ലയിലെ പക്ഷിരോഗ നിർണ്ണയ ലബോറട്ടറിയിലും പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലും ആദ്യം പരിശോധിച്ചു. പ്രാഥമിക പരിശോധനയിൽ രോഗം പക്ഷിപ്പനിയാണെന്ന നിഗമനത്തിൽ സ്ഥിരീകരണത്തിനുവേണ്ടി 22-10-2016-ൽ ബാംഗ്ലൂരിലെ സതേൺ റീജിയണൽ ഡിസീസസ് ഡയഗ്നോസ്റ്റിക് ലബോറട്ടറിയിലേക്കും 23-10-2016-ൽ ഭോപ്പാലിലെ ലബോറട്ടറിയിലേക്കും പ്രത്യേക ദൂതൻവശം തന്നെ നൽകിയിരുന്നു. ഇതുസംബന്ധിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24-10-2016-ൽ യോഗം ചേർന്നു. ആ യോഗത്തിൽ എന്നെക്കൂടാതെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, വകുപ്പ് സെക്രട്ടറിമാർ, ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ, മൃഗസംരക്ഷണ വകുപ്പുദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തിരുന്നു. രോഗബാധ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കാനും താറാവുകളെ കള്ളിംഗിന് വിധേയമാക്കേണ്ട സാഹചര്യമുണ്ടായാൽ കർഷകർക്ക് മുൻകാലത്തെപ്പോലെ നഷ്ടപരിഹാരം നൽകാനും തീരുമാനിച്ചു. പക്ഷിപ്പനി ഒരു വൈറസ് രോഗമാണ്. 'ഇൻഫ്ലുവൻസാ ടൈപ്പ് എ' എന്ന ഒരു വൈറസ്സാണ് ഈ രോഗം പരത്തുന്നത്. ഈ വൈറസ്സിന് പല വകഭേദങ്ങളുണ്ട്. വകഭേദങ്ങളുടെ വ്യത്യാസമനുസരിച്ച് ഇവ മാരകമാകുകയോ മനുഷ്യരിലേക്ക് പകരുകയോ ചെയ്യാം. ആലപ്പുഴയിൽ ഇപ്പോൾ സ്ഥിരീകരിച്ചിട്ടുള്ളത് എച്ച്5 എൻ8 വൈറസ്സാണ്. ഇവ മാരകമല്ല. മാത്രമല്ല മനുഷ്യരിലേക്ക് ഇതുവരെ പകർന്നിട്ടില്ല. കഴിഞ്ഞ ഒന്നോ രണ്ടോ വർഷത്തിനുമുമ്പ് ആലപ്പുഴയിൽ ഇത്തരം പക്ഷിപ്പനി പടർന്ന ഒരു സംഭവമുണ്ടായിരുന്നു. മനുഷ്യരിലേക്ക് കൂടി പകരാനിടയുള്ള വൈറസ്സാണ് അന്ന് കണ്ടെത്തിയത്. 24-ാം തീയതി ഇവിടെ യോഗം ചേർന്നതിനുപുറമെ തൊട്ടടുത്ത ദിവസം കളക്ടറുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാവരും പങ്കെടുത്തുകൊണ്ട് ആലപ്പുഴജില്ലയിലും യോഗം ചേർന്നു. ആലപ്പുഴ ജില്ലയിലെ തകഴി, മുട്ടാർ എന്നിവിടങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ചീഫ് ഡിസീസസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ എന്നിവർ

സന്ദർശനം നടത്തുകയും കർഷകരുമായി ആശയവിനിമയം നടത്തുകയും അവരുടെ പ്രശ്നങ്ങൾ കേൾക്കുകയും തിരുവനന്തപുരത്തെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ കൺട്രോൾ റൂം തുറക്കുകയും ചെയ്തു. ആലപ്പുഴ കളക്ടേറ്റിൽ ഒരു കൺട്രോൾ റൂം തുറന്നിട്ടുണ്ട്. തകഴിയിലെയും തൊട്ടടുത്ത പഞ്ചായത്തുകളിലെയും രോഗ ലക്ഷണങ്ങൾ കണ്ടെത്തിയ മേഖലകളിലെല്ലാം ഡോക്ടർമാരുടെ നേതൃത്വത്തിൽ 20 ദ്രുതകർമ്മസേനയെ വിന്യസിക്കുകയും അവർക്ക് ഏരിയ തീരുമാനിച്ചു നൽകുകയും ചെയ്തു. അതിൽ നാല് ടീം രോഗബാധപ്രദേശങ്ങളിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം........ ഇപ്രാവശ്യവും ദേശാടന പക്ഷികളുടെ വരവിന്റെ ഭാഗമായി ഡൽഹിയിലും രാജസ്ഥാനിലും പക്ഷിപ്പനി സ്ഥിരീകരിക്കപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ അവിടെയും പക്ഷികളെ........ പനി വന്നതിനെ കൊന്നൊടുക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരമൊരു രോഗം വന്നാൽ എന്തെല്ലാം ചെയ്യണമെന്ന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമുണ്ട്. അതനുസരിച്ച് പ്രവർത്തിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. രോഗം വന്ന താറാവുകളെ അതാത് സ്ഥലത്തുതന്നെ നിലനിർത്തുകയല്ലാതെ പിന്നീട് മൂവ് ചെയ്യിക്കാൻ പാടില്ല. 10 ദിവസത്തേയ്ക്ക് കർശന നിയന്ത്രണം

ഏർപ്പെടുത്തിയിട്ടുണ്ട്. 20 ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. 6 ദ്രുതകർമ്മസേന അന്നുതന്നെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനി ബാധയുടെ സ്ഥിതിവിവരം ഡോക്യുമെന്റ് ചെയ്യാൻ വെറ്ററിനറി ഡോക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രോഗം ബാധിച്ച പക്ഷികളെ മാറ്റി നിർത്താനും അവയെ നശിപ്പിക്കാനും തീരുമാനിച്ചു. രോഗം വന്നുകഴിഞ്ഞവയെ ചികിത്സിച്ചു ഭേദമാക്കാൻ പറ്റില്ല. അതുകൊണ്ട് അവയെ നശിപ്പിച്ചാലേ മതിയാകൂ. കുട്ടനാടിന്റെ പ്രത്യേകത പ്രതിപക്ഷ നേതാവിന് അറിയാവുന്നതാണ്. അവിടെ കുഴിച്ചിടുക പ്രയാസമാണ്. അവിടെ കൂടുതൽ വെള്ളമാണുള്ളത്. അതുകൊണ്ട് മണ്ണെണ്ണയൊഴിച്ച് കത്തിക്കലാണ് മുമ്പും ചെയ്തിട്ടുള്ളത്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> താറാവുകളെ കൊന്നിട്ടുവേണം കത്തിക്കാൻ. ജീവനോടെ കത്തിക്കരുത്.

<u>ശ്രീ. കെ. രാജു:</u> കൊന്നിട്ടാണ് കത്തിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം രണ്ട് ലക്ഷത്തിലധികം താറാവുകളെയാണ് ഇങ്ങനെ കൊന്ന് കത്തിച്ചത്. എന്നാൽ ഇപ്രാവശ്യം 1500-ൽ താഴെ താറാവുകളെ മാത്രമേ കൊല്ലേണ്ടതായി വന്നുള്ളൂ. താറാവുകൾ ഇപ്പോഴും നിരീക്ഷണത്തിലാണ്. ഇനിയും രോഗലക്ഷണങ്ങൾ

കാണിക്കുന്ന താറാവുകൾ ഉണ്ടെങ്കിൽ അവയെയും കൊല്ലേണ്ട സ്ഥിതിയുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: നഷ്ടപരിഹാരം കൊടുന്ന കാര്യം എങ്ങനെയാണ്?

ശ്രീ. കെ. രാജു: അത് പറയാം. ഞാൻ പറഞ്ഞ് തീർന്നില്ലല്ലോ; രണ്ട് മാസവും അതിന് മുകളിലും പ്രായമായ താറാവിന് 200 രൂപ വരെ നഷ്ടപരിഹാരം കൊടുക്കാൻ ഇപ്പോൾ നിയമമുണ്ട്. രണ്ട് മാസത്തിൽ താഴെ പ്രായമുള്ള താറാവിന് 100 രൂപയും മുട്ടയ്ക്ക് 5 രൂപയും കൊടുക്കാനാണ് നിലവിലുള്ള നിയമം. അതുമായി ബന്ധപ്പെട്ട യഥാർത്ഥ കണക്കുകൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. കഴിഞ്ഞ പ്രാവശ്യം താറാവുകൾ ചാകുന്നതിന്റെ കണക്ക് പെരുപ്പിച്ച് കാണിച്ചതായി അവിടെ നടന്ന ചർച്ചയിൽ പങ്കെടുത്ത കർഷകരുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ഓരോ കർഷകരും അവർക്ക് എത്ര താറാവ് ഉണ്ടെന്നുള്ളത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന് രേഖകളുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വെരിഫൈ ചെയ്ത് താറാവുകൾ നഷ്ടപ്പെട്ട കർഷകർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകാൻ ഈ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടെന്നുകൂടി ഈ അവസരത്തിൽ സഭയെ അറിയിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. തോമസ് ചാണ്ടി, അങ്ങേയ്ക്ക് ഒരു മിനിട്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. തോമസ് ചാണ്ടി: താറാവ് കൃഷിയുള്ളത് കുട്ടനാട്ടിൽ മാത്രമല്ല. എന്റെ കുട്ടനാട് മണ്ഡലത്തിലെ 13 പഞ്ചായത്തുകൾക്ക് ചുറ്റും കിടക്കുന്ന ബഹുമാന്യനായ മന്ത്രി ഡോ. ടി. എം. തോമസ് ഐസകിന്റെ മണ്ഡലത്തിലും ബഹുമാന്യനായ മന്ത്രി ശ്രീ. ജി. സുധാകരന്റെ മണ്ഡലത്തിലും ശ്രീ. രമേശ് ചെന്നിത്തലയുടെ മണ്ഡലത്തിലും ശ്രീ. സി. എഫ്. തോമസിന്റെ മണ്ഡലത്തിലുമുണ്ട്. ഏറ്റവും കൂടുതൽ താറാവ് കൃഷിയുള്ള മണ്ഡലത്തിന്റെ പ്രതിനിധി ശ്രീ. മാത്യു ടി. തോമസ് ഇപ്പോൾ ഇവിടെയില്ല. ഭരണത്തുകാരെയാണ് താറാവുകാരെന്ന് ഞങ്ങൾ വിളിക്കുന്നത്. ഇത് വലിയൊരു പ്രശ്നമാണ്. ആയിരക്കണക്കിന് കുടുംബങ്ങളാണ് താറാവ് കൃഷികൊണ്ട് ജീവിച്ചുകൊണ്ടിരിക്കുന്നത്. ദേശാടനപ്പക്ഷികൾ വരണ്ടെന്ന് പറയാൻ ഒക്കുമോ; ഈ രോഗം ഇന്ന് തുടങ്ങിയതൊന്നുമല്ല. ഞാൻ ചോറ്റുപാത്രവും പിടിച്ച് സ്കൂളിൽ പോകുന്ന കാലത്ത് താറാവുകൾ കിടന്ന് പിടയ്ക്കുന്നതുകണ്ടുകൊണ്ട് താറാവുകാരനോട് ഓടിച്ചെന്ന് പറയും നിങ്ങളുടെ

താറാവ് കിടന്നു പിടയ്ക്കുന്നുവെന്ന്. അന്ന് H5N1 അല്ലെങ്കിൽ H5N8 എന്താണെന്നൊന്നും ആർക്കുമറിയില്ല. രോഗത്തിന്റെ കാര്യങ്ങളൊന്നും ആർക്കും അറിയാൻ പാടില്ലാത്തതുകൊണ്ട് ആരും മനസ്സിലാക്കിയില്ല. എനിക്ക് ഇവിടെ ഇരിക്കാൻ ലജ്ജതോന്നുന്നു; കേരളത്തിലെ മനുഷ്യർ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലുമുണ്ട്. ശാസ്ത്രം വളർന്നിരിക്കുന്നു. ഒരു താറാവിന് അസുഖം വന്നാൽ ഭോപ്പാലിൽ വിട്ടാണോ പരിശോധിക്കേണ്ടത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയൊന്ന് ശ്രദ്ധിക്കണം. ഇത്രയും കൃഷിക്കാരുള്ള, ഇത്രയും ആളുകൾ തിങ്ങിപ്പാർക്കുന്ന, ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലും പോയി ജോലി ചെയ്യുന്ന ശാസ്ത്രജ്ഞന്മാരുള്ള കേരളത്തിൽ ഒരു താറാവിന് പനി വന്നാൽ പരിശോധിക്കാൻ ഭോപ്പാലിൽ വിടണോ; ഉടൻ നടപടിയെടുക്കത്തക്ക രീതിയിൽ അങ്ങ് ഇതിൽ ഇടപെടണമെന്നുമാത്രം അഭ്യർത്ഥിക്കുന്നു. ഇന്നലെ തകഴിയിൽ താറാവിനെ കുഴിച്ചിടാൻ ചെന്നവരെ നാട്ടുകാർ തടഞ്ഞു. എന്താണ് പ്രശ്നം; 500 താറാവുള്ളതിൽ 200 എണ്ണം മാത്രമേ ചത്തിട്ടുള്ളൂ. ബാക്കിയുള്ള 300-നെ എന്ത് ചെയ്യും? ഇത് നാളെ ഓരോന്ന് ഓരോന്നു വീതം ചാവും. അതുകൊണ്ട് ഇതിനെയെല്ലാം കൊന്ന് കുഴിച്ചുമൂടണമെന്ന് പറഞ്ഞ് നാട്ടുകാർ ബഹളം വച്ചു. അതുകൂടി അങ്ങ് പരിശോധിച്ച് ആവശ്യമായ നടപടികൾ

സ്വീകരിക്കണമെന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): പ്രാഥമികമായ പരിശോധനയ്ക്കുള്ള സൗകര്യം ഇപ്പോൾ തന്നെ കേരളത്തിലുണ്ട്. അതനുസരിച്ചാണ് പ്രാഥമിക പരിശോധനകൾ നമ്മൾ നടത്തിയത്. അത് സ്ഥിരീകരിച്ചതിനുശേഷം ഫൈനൽ പരിശോധനയ്ക്കുള്ള സൗകര്യം നമുക്കില്ല. അതിന്റെ ലാബ് ഉള്ളത് ഭോപ്പാലിലാണ്. ഇവിടത്തെ പരിശോധനയുടെ റിപ്പോർട്ടുകൂടി അയച്ചുകൊടുത്താണ് ഫൈനലൈസ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം മനസ്സിലായി. നിലവിൽ ഈ സംവിധാനമേ ഉള്ളൂവെന്നാണ് ഞാൻ പറഞ്ഞത്. നമുക്ക് ലാബ് സൗകര്യം ഉണ്ടാകേണ്ടതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇത് മറ്റു ജില്ലകളിലേയ്ക്കു കൂടി വ്യാപിക്കുകയാണ്. കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ നിയോജക മണ്ഡലത്തിലെ ആർപ്പൂക്കര, അതിരമ്പുഴ എന്നിവിടങ്ങളിലേയ്ക്കും വൈക്കം, കടുത്തുരുത്തി എന്നീ മണ്ഡലങ്ങളിലേയ്ക്കും പത്തനംതിട്ട ജില്ലയിലേയ്ക്കും വ്യാപിക്കുകയാണ്. ഇത് മനുഷ്യരിലേയ്ക്ക് പകരുമെന്ന പേടി ആളുകൾക്കുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ വളരെ ഗൗരവമായ ഒരു ശാസ്ത്രീയ

പഠനത്തിനുള്ള സംവിധാനംകൂടി ഉണ്ടാകണം.

ശ്രീ. കെ. രാജു: സർക്കാർ വളരെ ഗൗരവകരമായാണ് ഇതിനെ കണ്ടിട്ടുള്ളത്. അതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തുതന്നെ യോഗം ചേർന്നത്. ആലപ്പുഴയിൽ യോഗം തീരുമാനിച്ചുവെങ്കിലും ഇത് മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിക്കാനുള്ള സാധ്യതയുള്ളതിനാൽ അതനുസരിച്ചുള്ള നടപടി ആവശ്യമായി വരുമെന്നുള്ളതിനാലാണ് ആലപ്പുഴയിലെ യോഗത്തോടൊപ്പം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് യോഗം ചേർന്നതും ആവശ്യമായ ഗൗരവം അതിൽ ഉൾക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇത് നമ്മുടെ നാടിന് ഒരു ദുരന്തമായി ഇടയ്ക്കിടക്ക് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മുമ്പും പക്ഷിപ്പനിയുടെ ഭാഗമായി അനേകം പക്ഷികളെ കൊലപ്പെടുത്തേണ്ടതായി വന്നിട്ടുണ്ട്. ഇത് വന്നാൽ കൊലപ്പെടുത്തലല്ലാതെ വേറെ മാർഗ്ഗമില്ലായെന്നുള്ളതാണ് അവസ്ഥ. അതാണെങ്കിൽ കൂട്ടത്തോടെ കൊന്ന് തീയിലിടുന്ന അവസ്ഥയാണുള്ളത്. അവിടത്തെ അവസ്ഥ വച്ചാൽ ദഹിപ്പിക്കുകയേ മാർഗ്ഗമുള്ളൂ. അവിടെ കുഴിച്ചിട്ടാൽ കൂടുതൽ പ്രശ്നങ്ങളുണ്ടാകും. അതിന്റെ കാര്യങ്ങളിലേയ്ക്കല്ല ഞാൻ

പോകുന്നത്. ബഹുമാന്യനായ അംഗം ശ്രീ. തോമസ് ചാണ്ടി ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെ അവസാന പരിശോധനയ്ക്കുവേണ്ടി നമ്മുടെ സംസ്ഥാനത്ത് സംവിധാനമില്ലാത്ത ഒരു നിലയുണ്ട്. ഇവിടെ പരിശോധനയ്ക്ക് സംവിധാനം വേണമെന്ന അഭിപ്രായം നേരത്തെ മുതൽ താറാവു കൃഷിക്കാർക്കുണ്ട്. പതിനായിരക്കണക്കിന് താറാവുകളാണല്ലോ ഇവിടെ ആകെയുള്ളത്. ഇത് ജനങ്ങളുടെ ഏറ്റവും വലിയൊരു ജീവസന്ധാരണ മാർഗ്ഗമായാണ് നിലനിൽക്കുന്നത്. പാവപ്പെട്ടവരാണ് ഈ മേഖലയിലുള്ളത്. കഴിഞ്ഞ തവണ ഇത്തരമൊരു ദുരന്തമുണ്ടായ ഘട്ടത്തിൽ ആ പ്രദേശങ്ങളിലൊക്കെ ഞാൻ പോയതായിരുന്നു. അപ്പോൾ അത് നേരിട്ട് കാണാൻ കഴിഞ്ഞതാണ്. പരിശോധനാ സംവിധാനം ഇവിടെ ഉണ്ടാകുകയെന്നത് വളരെ പ്രധാനമാണ്. അക്കാര്യത്തിൽ എന്താണ് ചെയ്യാൻ സാധിക്കുകയെന്നുള്ളത് ഗൗരവപൂർവ്വംതന്നെ സംസ്ഥാന സർക്കാർ പരിശോധിക്കുന്നതാണ്.

## വിമാനത്താവളം

<u>ശ്രീ. രാജു എബ്രഹാം:</u> സർ, പത്തനംതിട്ടയിൽ ഒരു വിമാനത്താവളമെന്നുള്ള ആവശ്യവും പ്രസക്തിയും ഏറിവരുന്ന ഘട്ടമാണ്.

ഗൾഫ് പ്രദേശങ്ങളിൽ മാത്രമല്ല, യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ തുടങ്ങിയ എല്ലാ രാജ്യങ്ങളിലും പണിയെടുക്കുന്ന ധാരാളം ആളുകൾ ഈ പ്രദേശത്ത് അധിവസിക്കുന്നവരാണ്. പത്തനംതിട്ട, ഇടുക്കി ജില്ലയിലുള്ളവർക്ക് പൂർണ്ണമായും കോട്ടയം ടൗണിന്റെ കിഴക്കൻ മേഖലയിലുള്ളവർക്കും കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിലുള്ളവർക്കും ആലപ്പുഴ ജില്ലയുടെ കിഴക്കൻ മേഖലയിലുള്ളവർക്കും ഏകദേശം ഒരു മണിക്കൂർകൊണ്ട് പത്തനംതിട്ട ജില്ലയിലെ വിമാനത്താവളത്തിൽ ഓടിയെത്താൻ കഴിയുന്ന ഒരു സാഹചര്യമെന്നുള്ളതാണ് ഇതിന്റെ വലിയ പ്രത്യേകത. ഗൾഫിൽ നിന്നും 4 മണിക്കൂർ യാത്ര ചെയ്ത് വിമാനത്താവളത്തിൽ എത്തുന്നവർ വീണ്ടും 4 മണിക്കൂർ കൂടി യാത്ര ചെയ്തെങ്കിലേ പലരുടേയും വീടുകളിൽ എത്തുന്നുള്ളൂവെന്നതാണ് ഇവിടെ ഒരു വിമാനത്താവളത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. 23-ാം തീയതി രാവിലെ 11 മണിയോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ പരിസ്ഥിതിയെ തകർത്ത ആറന്മുള പുഞ്ചയിൽ കൃഷിയിറക്കുന്നതോടുകൂടി ആറന്മുളയിലെ വിമാനത്താവളമെന്നത് ചരിത്രത്തിന്റെ താളുകളിലേയ്ക്ക് മാറാൻ പോകുകയാണ്. ഇവിടെയാണ് കുടിയിറക്കില്ലാതെ പരിസ്ഥിതിക്ക് ദോഷമില്ലാതെ ഒരു വിമാനത്താവളം.....

പത്തനംതിട്ടയിൽ ഹാരിസന്റെ കുമ്പഴ എസ്റ്റേറ്റ്, ശബരിമലയ്ക്കടുത്ത് ളാഹ എസ്റ്റേറ്റ്, ജില്ലയോട് ചേർന്നുകിടക്കുന്ന ബിലീവേഴ്സ് ചർച്ചിന്റെ ചെറുവള്ളി എസ്റ്റേറ്റ് തുടങ്ങിയവയെല്ലാം രണ്ടായിരം ഏക്കറിന് മുകളിലുള്ളതാണ്. ഒരാളെയും കുടിയിറക്കേണ്ടതില്ല. പരിസ്ഥിതിക്ക് ദോഷം ചെയ്യുന്നതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശബരിമലയിൽ നടത്തിയ ആമുഖ പ്രസംഗത്തിൽ എടുത്ത് പറഞ്ഞതും ശബരിമലയ്ക്കടുത്ത് ഒരു വിമാനത്താവളം എന്നതാണ്. അപ്പോൾ നാട്ടുകാർക്കും തീർത്ഥാടകർക്കുമെല്ലാം വിമാനത്താവളത്തിൽ ഇറങ്ങി ഏകദേശം ഒരു മണിക്കൂർ കൊണ്ട് പമ്പയിൽ എത്താൻ കഴിയുന്ന നിലയിൽ വളരെ പ്രാധാന്യമുള്ള സ്ഥലങ്ങളാണ് ഇതെല്ലാം. വിമാനത്താവളം നിർമ്മിക്കാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പരിസ്ഥിതിക്ക് ദോഷമില്ലാത്തതും കുടിയൊഴിപ്പിക്കൽ ഇല്ലാത്തതുമായ ഒരു വിമാനത്താവളം പത്തനംതിട്ട ജില്ലയിലോ പരിസര പ്രദേശങ്ങളിലോ നിർമ്മിക്കപ്പെടുന്നത് ശബരിമല തീർത്ഥാടനത്തിന് കൂടുതൽ സൗകര്യപ്പെടും. ശബരിമലയിൽ എത്തുന്ന ലക്ഷക്കണക്കിന് ആളുകളിൽ ആയിരക്കണക്കിന് ആളുകളെങ്കിലും വിമാനത്തിൽ

വരാൻ താൽപര്യമുള്ളവരായിരിക്കും. അത്തരമൊരു വിമാനത്താവളം ശബരിമല ആവശ്യത്തിന് വളരെ ഉതകുന്ന ഒന്നായിരിക്കും. മറ്റു തരത്തിലെടുത്താൽ ഓരോ ജില്ലയിലും വിമാനത്താവളം എന്നത് പ്രായോഗികമായി വരില്ല. വിമാനത്താവളം പോലുള്ള നിർമ്മിതികൾക്ക് പല തരത്തിലുള്ള പഠനങ്ങൾ ആവശ്യമാണ്. ഇത്തരം പഠനങ്ങൾ നമുക്ക് നടത്താം. അതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് പെരുമാറ്റച്ചട്ടം

ശ്രീ. എം. ഉമ്മർ: സർ, ഭാരതത്തിന്റെ ഭരണഘടനയുടെ 309-ാം അനുച്ഛേദ പ്രകാരമാണ് സംസ്ഥാനത്ത് Government Servants Conduct Rules 1960-ൽ നടപ്പിലാക്കിയിരിക്കുന്നത്. ഈ റൂൾ നടപ്പിലാക്കിയിട്ട് ഇപ്പോൾ 56 വർഷം പിന്നിട്ടിരിക്കുകയാണ്. അതിനുശേഷം രാജ്യത്ത് ഒരുപാട് മാറ്റങ്ങളുണ്ടായി. 1960-കളിൽ ഇലക്ട്രോണിക്സ് മീഡിയ എന്നുപറയുന്നത് ഒന്നുമില്ലായിരുന്നു. അതിനുശേഷം ഇലക്ട്രോണിക്സ് മീഡിയാസ് വന്നു. പത്ര മാധ്യമ രംഗത്ത് ഒരുപാട് മുന്നോക്കം വന്നു. എന്നാൽ പ്രസ്തുത ചട്ടങ്ങൾ ഒരു സർക്കാർ ജീവനക്കാരൻ, അയാൾ ഏത് തസ്തികയിലാണെങ്കിലും പാലിക്കപ്പെടാൻ ബാധ്യസ്ഥനാണ്. സിവിൽ സർവ്വീസിലായിരുന്നാലും സബോർഡിനേറ്റ് സർവ്വീസിലായിരുന്നാലും ഈ Code of

Conduct പാലിക്കപ്പെടാൻ അയാൾ ബാധ്യസ്ഥനാണ്. പ്രസ്തുത ചട്ടങ്ങളിൽ ഒരു സർക്കാർ ജീവനക്കാരൻ തന്റെ ഔദ്യോഗിക വിവരങ്ങൾ പൊതുസമൂഹത്തിന്റെ മുന്നിൽ വെളിപ്പെടുത്തുന്നത് കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. അതിലെ റൂൾ 3 പ്രകാരവും റൂൾ 22 പ്രകാരവും " Every Government servants shall at all times maintain absolute integrity and devotion to duty. റൂൾ 22 " Government servants shall not engage themselves in litigation where they have no direct personal....." അതുപോലെതന്നെ റൂൾ 56, 58 " Government servants shall not vindicate their personal grievances to the press" എന്നൊക്കെ വ്യക്തമായി പറയുന്നുണ്ട്. എന്നാൽ ഈ അടുത്ത കാലത്തുണ്ടായ സംഭവങ്ങൾ മാത്രമല്ല, സർക്കാർ സർവ്വീസിലുള്ള മുതിർന്ന ഉദ്യോഗസ്ഥൻമാരായാലും സബോർഡിനേറ്റ് സർവ്വീസിലുള്ളവരായിരുന്നാലും നിരന്തരമായി ഇങ്ങനെയുള്ള Code of Conduct ഇല്ലായെന്ന വിധത്തിൽ പെരുമാറിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ നയം പറയേണ്ടവർ പറയാതെ മറ്റുപലരും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇത് കർശനമായി പാലിക്കപ്പെടേണ്ടതാണ്. ഇത്തരം ചട്ടങ്ങളും വ്യവസ്ഥകളും നിലനിൽക്കുന്നുണ്ടെങ്കിലും അതൊക്കെ ലംഘിച്ചുകൊണ്ട് ഉദ്യോഗസ്ഥൻമാർ മാധ്യമങ്ങളിൽ പരസ്യ പ്രസ്താവന നടത്തുന്നത് ഇപ്പോഴൊരു നിത്യ സംഭവമായി

മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരം കേസുകളിൽ ചില ഉദ്യോഗസ്ഥൻമാർക്കെതിരെ സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. സർക്കാർ നയങ്ങളും ഭരണ രഹസ്യങ്ങളും ഉദ്യോഗസ്ഥർ വെളിപ്പെടുത്തുന്നത് നിലവിലുള്ള നിയമത്തിലെ പോരായ്മകൾകൊണ്ടാണ്. അതുകൊണ്ട് ഈ നിയമത്തിൽ പോരായ്മകളുണ്ടെങ്കിൽ അത് കാലാനുസൃതമായി പരിഷ്കരിക്കുകയും അതോടൊപ്പം അതുവരെയെങ്കിലും നിലവിലുള്ള നിയമം തന്നെ ഫലപ്രദമായി ഉപയോഗപ്പെടുത്തി സർക്കാരിന്റെ ഔദ്യോഗിക കാര്യങ്ങളും പെരുമാറ്റവും മറ്റുമൊക്കെ പൊതുസമൂഹത്തിന് ആശങ്കകളില്ലാത്ത വിധത്തിൽ കൊണ്ടുവരുവാൻ ഉദ്യോഗസ്ഥൻമാർ ബാധ്യസ്ഥരാണ്. ഉയർന്ന ഉദ്യോഗസ്ഥൻമാർ പരസ്യമായി ഇങ്ങനെ പ്രസ്താവനകൾ നടത്തുന്നു. ഇപ്പോൾ അടുത്ത കാലത്തു നടന്ന ഒരു സംഭവം പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു സുപ്രീംകോടതി ജഡ്ജിയെ ഒരു മുതിർന്ന ഉദ്യോഗസ്ഥ കണ്ടു എന്നു പറഞ്ഞു. അതിനെതിരായി അഡ്വക്കേറ്റ് ജനറൽ പരസ്യമായി പ്രസ്താവനയിറക്കി. പരസ്യമായ പ്രസ്താവന ഇറക്കാൻ അഡ്വക്കേറ്റ് ജനറലിന് ഒരുപക്ഷേ അവകാശമുണ്ടായിരിക്കും. അതിനെതിരായി ആ ഉദ്യോഗസ്ഥയുടെ വിശദീകരണം പത്രങ്ങളിൽ വന്നു. ഇങ്ങനെ പത്രങ്ങളിൽക്കൂടി ഉന്നതരായ ഉദ്യോഗസ്ഥരടക്കം കമ്മ്യൂണിക്കേഷൻ നടത്തുന്നത്

സർക്കാരിന്റെയും അതുപോലതന്നെ സിവിൽ സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും അന്തസ്സിനെ ബാധിക്കുന്നതാണ്. അതുകൊണ്ട് സർക്കാർ ഇതിൽ തക്കതായ നടപടികൾ സ്വീകരിക്കണം എന്നുമാത്രമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 74 പ്രകാരം യാതൊരു സർക്കാർ ജീവനക്കാരനും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ തന്റെ ഔദ്യോഗിക പ്രവർത്തനങ്ങളേയും സ്വഭാവത്തേയും കുറിച്ചുള്ള അപകീർത്തിപരമായ വിമർശനങ്ങൾക്കെതിരെ ന്യായസമർത്ഥനത്തിനായി ഏതെങ്കിലും കോടതിയേയോ പത്ര മാധ്യമങ്ങളെയോ സമീപിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60 (A) പ്രകാരം യാതൊരു സർക്കാർ ജീവനക്കാരനും സർക്കാർ അനുവർത്തിക്കുന്ന നയത്തേയോ സർക്കാർ എടുക്കുന്ന നടപടികളേയോ പൊതുജന മധ്യത്തിൽ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലാത്തതും അങ്ങനെയുള്ള ചർച്ചയിലോ വിമർശനത്തിലോ യാതൊരു രീതിയിലും പങ്കെടുക്കുവാനോ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെ സർക്കാർ നയങ്ങളെപ്പറ്റി സർക്കാർ ജീവനക്കാർ മാധ്യമങ്ങളിലൂടെ അഭിപ്രായ പ്രകടനം നടത്തുന്നത് വിലക്കിക്കൊണ്ടുള്ള കർശന നിർദ്ദേശം നൽകി 2012-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഉത്തമ വിശ്വാസത്തോടെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി മാധ്യമങ്ങളിൽ പ്രസ്താവന നടത്താൻ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് 1968-ലെ അഖിലേന്ത്യാ സർവ്വീസ് പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല. എന്നാൽ സർക്കാരിന്റെ നയപരമായ തീരുമാനങ്ങളേയോ പ്രവൃത്തിയേയോ വിമർശിക്കാൻ ചട്ടം 7 പ്രകാരം അനുമതിയില്ല. ഉദ്യോഗസ്ഥർ സർക്കാരിനേയോ സർക്കാർ നയങ്ങളേയോ വിമർശിച്ച് മാധ്യമങ്ങളിൽ പ്രസ്താവന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച അവസാനം പറഞ്ഞ കാര്യം അഡ്വക്കേറ്റ് ജനറൽ നടത്തിയ ഒരു പ്രസ്താവനയെ കുറിച്ചാണ്. അഡ്വക്കേറ്റ് ജനറൽ അദ്ദേഹത്തിൽ നിക്ഷിപ്തമായ ഉത്തരവാദിത്തം വച്ചുകൊണ്ടാണ് ആ നിലപാണ് എടുത്തത്. കാരണം ഒരു വിവാദം ഉയർന്നുവന്നു. സൗമ്യ കേസുമായി ബന്ധപ്പെട്ട് സുപ്രീംകോടതിൽ കേസ് നടക്കുന്നു. ആ സമയത്ത് ബഹുമാന്യനായ

ജസ്റ്റീസ് ശ്രീ. മാർക്കണ്ഡേയ കട്ജുവിനെ നമ്മുടെ ഒരു പോലീസ് ഉദ്യോഗസ്ഥ കണ്ട ഒരു പ്രശ്നം. അപ്പോൾ ആ കൂട്ടത്തിൽതന്നെ പഴയൊരു ജഡ്ജി കണ്ട പ്രശ്നവും ഉയർന്നുവന്നു. അത് വല്ലാത്തൊരു പ്രശ്നമായി മാധ്യമങ്ങളിൽ വരുകയുണ്ടായി. അപ്പോൾ എന്താണ് അങ്ങനെ കാണാൻ ഇടയായത് എന്നൊരു സ്വാഭാവികമായ പ്രശ്നം. അതിലുള്ള വിശദീകരണമാണ് അഡ്വക്കേറ്റ് ജനറൽ നൽകിയത്. അത് അഡ്വക്കേറ്റ് ജനറലോ പ്രോസിക്യൂഷനോ അറിഞ്ഞുകൊണ്ടുള്ള സന്ദർശനമായിരുന്നില്ല. അതായത് ഈ കേസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു സന്ദർശനമല്ല എന്നത് ആ കേസിന്റെ താൽപര്യം മുൻനിർത്തി തന്നെ വ്യക്തമാക്കേണ്ടതുണ്ടായിരുന്നു. എന്നാൽ അങ്ങ് പറഞ്ഞ ഒരു കാര്യം ശരിയാണ്. അത് മനസ്സിലാക്കാൻ ആ ബന്ധപ്പെട്ട ആളുകൾക്ക് കഴിഞ്ഞില്ല എന്നത് പിന്നീടുള്ള പ്രതികരണത്തിലൂടെ വ്യക്തമായി. നമ്മൾ രാഷ്ട്രീയക്കാരാണല്ലോ പ്രചരണത്തിൽ ഏറ്റവുമധികം താൽപര്യമുള്ളവർ. അപ്പോൾ നമ്മളുമായി ഇങ്ങനെ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നവരായതുകൊണ്ട് പല ഉദ്യോഗസ്ഥരിലും ഇത്തരമൊരു മാനിയ കടന്നു കൂടുന്നുണ്ട് എന്നുള്ളത് ശരിയാണ്. അത് നിയന്ത്രിക്കാൻ ആവശ്യമായ നടപടികൾ നമുക്ക് സ്വീകരിക്കാം.

## പ്രഭുറാം മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ സർക്കാർ മേൽനോട്ടത്തിൽ കേരളാ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ അധീനതയിലുള്ള ഏക സ്ഥാപനമാണ് കോട്ടയം പ്രഭുറാം മിൽ. 104 സ്ഥിരം തൊഴിലാളികളും 88 കാഷ്വൽ ജീവനക്കാരും ഇപ്പോൾ പണിയെടുക്കുന്നു. 99 ലക്ഷം രൂപ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടയ്ക്കാത്തതിനാൽ വൈദ്യുതി വിച്ഛേദിച്ചിരിക്കുകയാണ്. സെപ്റ്റംബർ മാസത്തെ ശമ്പളവും ജീവനക്കാർക്ക് ഇതുവരെ നൽകിയിട്ടില്ല. നിലവിൽ 4 കോടി രൂപയുടെ ബാധ്യതയുള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. റോ-മെറ്റീരിയലായ പഞ്ഞി യഥാസമയം ലഭ്യമല്ലാത്തതിനാൽ കഴിഞ്ഞ 5 വർഷമായി മില്ലിന്റെ പ്രവർത്തനം നിരന്തരമായി തടസ്സപ്പെട്ടു വരികയായിരുന്നു. യു.ഡി.എഫ്. ഭരണ കാലത്ത് ടെക്സ്റ്റൈൽസ് മേഖലയിലുണ്ടാക്കിയ പ്രതിസന്ധിയാണ് ഈ സാഹചര്യം സൃഷ്ടിച്ചത്. കഴിഞ്ഞ കാലത്തെ അഴിമതിയും കെടുകാര്യസ്ഥതയുമാണ് തൊഴിലാളികളുടെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണം. ഈ ഓണക്കാലത്ത് ബഹുമാന്യനായ ശ്രീ. ഇ. പി. ജയരാജൻ മുൻകൈ എടുത്തുകൊണ്ട് സർക്കാർ നൽകിയ സഹായം കൊണ്ടാണ് ശമ്പളവും

ബോണസ്സും വിതരണം ചെയ്യാൻ സാധിച്ചത്. പാവപ്പെട്ട തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. തൊഴിലാളികളും കുടുംബങ്ങളും സമരം ആരംഭിച്ചിരിക്കുകയാണ്. കോൺഗ്രസ്സും ബി.ജെ.പി.യും ഈ അവസരം മുതലാക്കി സർക്കാരിനെതിരെ തിരിച്ചു വിടുന്നതിന് ബോധപൂർവ്വം ശ്രമിച്ചുവരുന്നു. ബി.ജെ.പി. ആണെങ്കിൽ എം.എൽ.എ.യുടെ ആഫീസിലേയ്ക്ക് മാർച്ച് പ്രഖ്യാപിച്ചിരിക്കുകയാണ്. ആയതിനാൽ അങ്ങ് ഇടപെട്ട് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികളുടെ ശമ്പളമടക്കം വിതരണം ചെയ്യുന്നതിനുമുള്ള അടിയന്തര സഹായം ചെയ്തു തരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നതാണ് ഈ സബ്മിഷൻ.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, എം.എൽ.എ. ഓഫീസിലേക്ക് മാർച്ച് സംഘടിപ്പിച്ചിരിക്കുന്നുവെന്ന് പറഞ്ഞല്ലോ. ഇക്കാര്യത്തിൽ എം.എൽ.എ. വിചാരിച്ചാൽ ഒന്നും ചെയ്യാൻ കഴിയില്ല എന്നുള്ളത് ആ മാർച്ചുകാരോട് വ്യക്തമാക്കുകയാണ് വേണ്ടത്. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഒരു അനുബന്ധ യൂണിറ്റാണ് ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന പ്രഭുറാം മിൽ. അസംസ്കൃത വസ്തുക്കളുടെ ഉയർന്നവിലയും മുൻകാലങ്ങളിലെ വമ്പിച്ച നഷ്ടവും കാരണം കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ മില്ലുകൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഏതെങ്കിലും ഒരു മിൽ അല്ല, എല്ലാ മില്ലുകൾക്കും ഈ പ്രതിസന്ധി

ബാധിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനത്തിന്റെ വലിയ ശോഷണത്താൽ മില്ലുകൾ യഥാവിധി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല. പ്രഭുറാം മിൽസ് ഉൾപ്പെടെയുള്ള നാലു മില്ലുകൾക്കായി ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ഈ വർഷം നാലരക്കോടി രൂപ പ്രവർത്തന മൂലധനം അനുവദിച്ചിരുന്നു. എന്നാൽ ഈ തുക ഓണത്തോട് അനുബന്ധിച്ച ചെലവുകൾക്കാണ് ഉപയോഗിച്ചത്. വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചിരിക്കുന്നതുൾപ്പെടെ നിരവധി പ്രശ്നങ്ങളാണ് അവിടെയുള്ളത്. ഇതും ഒരു പ്രവണതയാണ്, നമ്മുടെ ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലതിനൊക്കെ വൈദ്യുതി ചാർജ്ജ് അടയ്ക്കേണ്ട എന്നൊരു തോന്നലാണ് പലപ്പോഴും ഉണ്ടാകാറ്. അതിങ്ങനെ കുടിശ്ശികയായി അവസാനം ഗവൺമെന്റിന്റെ അടുത്ത് വന്നു. അപ്പോൾ ഗവൺമെന്റ് അനുമതി കൊടുക്കണമെന്ന് വൈദ്യുതി ബോർഡിനോട് പറയുന്നതായിരിക്കും ഉണ്ടാകുക. അങ്ങനെ നീട്ടിക്കൊടുക്കുന്ന ഒരു നിലയാണ് പലപ്പോഴും കാണാറുള്ളത്. ഇത് ഒരു പരമ്പരാഗതമായ രീതിയാണ്. എത്രയോ കാലമായി തുടർന്ന് വരുന്ന രീതിയാണ്. അത് സാധാരണനിലയ്ക്ക് ചെലവിന്റെ കൂട്ടത്തിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ ശ്രദ്ധിക്കേണ്ടതു തന്നെയാണ്. കൂടുതൽ മൂലധന നിക്ഷേപം നടത്തിയും ആധുനികവൽക്കരണത്തിന് ഊന്നൽ നൽകിയും വൈവിധ്യ

വൽക്കരണത്തിലൂടെയും പ്രഭുറാം മിൽസ് ഉൾപ്പെടെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ പ്രവർത്തനം വിശദമായി വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനുള്ള പാക്കേജ് ഉടൻ തയ്യാറാക്കുന്നതാണ്.

## വാടക നിയന്ത്രണ നിയമം

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, വാടക കെട്ടിടത്തിൽ കച്ചവടം നടത്തുന്നവരുടെ ഒരു വിഷയമാണ് ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. 1965-ലെ വാടക നിയന്ത്രണ നിയമം നിലവിലുണ്ട്. അത് വാടകക്കാർക്ക് സംരക്ഷണം നൽകുന്നുണ്ട്. എന്നാൽ ഇപ്പോൾ കെട്ടിട ഉടമകൾ പതിനൊന്നു മാസത്തെ ലൈസൻസ് വ്യവസ്ഥയിലാണ് വ്യാപാരികൾക്ക് നൽകുന്നത്. ഒരു വ്യാപാര സ്ഥാപനം നല്ലനിലയിൽ ദീർഘകാലം നടത്താൻ കഴിഞ്ഞാൽ മാത്രമേ മുടക്കുമുതൽ തിരിച്ചെടുക്കാനും ലാഭകരമായി നടത്തിക്കൊണ്ടു പോകാനും കഴിയുകയുള്ളൂ. ഇന്ന് പതിനൊന്നു മാസം കഴിയുമ്പോൾ ഒഴിഞ്ഞു കൊടുക്കുകയോ, തുടരണമെങ്കിൽ കെട്ടിട ഉടമ പറയുന്ന വാടക കൊടുക്കണം. ഇത് പലപ്പോഴും കൊടുത്ത് വ്യാപാരം നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ്. ഇത് ഒഴിഞ്ഞു കൊടുക്കേണ്ടിവരുന്ന സ്ഥിതിയാണ്. അതുകൊണ്ട് ഇതിനൊരു കൃത്യത, ഒരുപാട് പണം മുടക്കിയാണ് കച്ചവടം ചെയ്യുന്നത്. അത് തുടർന്ന് നടത്തിക്കൊണ്ടു

പോകാൻ പറ്റുന്ന തരത്തിൽ ഒരു വാടക വർദ്ധന കൃത്യത വരുത്തിക്കൊണ്ട്, ഉടമയ്ക്ക് വാടക വർദ്ധിപ്പിക്കാം. പക്ഷേ അത് നൽകിക്കൊണ്ട് കച്ചവടം നടത്തിക്കൊണ്ടുപോകാൻ പറ്റുന്ന ഒരു നിയമം ഉണ്ടാക്കേണ്ടതുണ്ട്. അതുപോലെ വികസനത്തിനുവേണ്ടി വ്യാപാര സ്ഥാപനം ഒഴിപ്പിക്കുമ്പോൾ പുനരധിവാസം നിയമംമൂലം ഉറപ്പുവരുത്താനും നടപടിയുണ്ടാകണം. അതാണ് എന്റെ ആഗ്രഹം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, നിലവിലുള്ള 1965-ലെ കെട്ടിട വാടക നിയന്ത്രണ നിയമത്തിലെ 5,6,8 എന്നീ വകുപ്പുകൾ ഭരണഘടനാപരമായി നിലനിൽക്കുന്നതല്ല എന്നുകണ്ട് അവ റദ്ദു ചെയ്യണമെന്ന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. മാധവി അമ്മ ആന്റ് അദേഴ്സ് Vs സ്റ്റേറ്റ് ഓഫ് കേരള ആന്റ് അദേഴ്സ് എന്ന ഒ.പി. നമ്പർ 12576/99 എന്ന കേസ്സിൽ നിലവിലെ കെട്ടിട വാടക നിയന്ത്രണ നിയമം പരിഷ്ക്കരിക്കുന്നതിന് സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് 4-6-2002-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കുകയുണ്ടായി. കൂടാതെ കേന്ദ്ര സർക്കാരിന്റെ ജെൻറം പദ്ധതിയിൽ കേരള സർക്കാരും കേന്ദ്ര സർക്കാരും കേരളത്തിലെ അർബൻ ലോക്കൽ ബോഡീസും ചേർന്ന് ഒപ്പിട്ട ത്രികക്ഷി കരാറിൽ ഉൾപ്പെട്ടിട്ടുള്ളതും സംസ്ഥാന ഭവന നിർമ്മാണ വകുപ്പ് പരിഷ്ക്കരിക്കണമെന്ന്

നിർദ്ദേശിച്ചിട്ടുള്ളതുമായ ഒരു ഇനമാണ് വാടക നിയന്ത്രണ നിയമ പരിഷ്ക്കരണം. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും കേന്ദ്ര സർക്കാരിന്റെ ജൻറം പദ്ധതി പ്രകാരം നിർദ്ദേശിച്ച പരിഷ്ക്കരണമായതുകൊണ്ടും കെട്ടിട ഉടമകളുടെ സംഘടനകളുടേയും വാടകക്കാരുടെ സംഘടനകളേയും ഉൾപ്പെടുത്തി വിവിധ തലത്തിൽ ചർച്ച ചെയ്ത് അവരുടെ അഭിപ്രായം കൂടി ഉൾക്കൊണ്ട് നിലവിലെ നിയമം റദ്ദ് ചെയ്തുകൊണ്ട് പുതിയ നിയമം നടപ്പിലാക്കുന്നതിനായി 2014-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാന വാടകയും മറ്റു സൗകര്യങ്ങളും) ബില്ലിന്റെ കരട് തയ്യാറാക്കുകയുണ്ടായി. കരട് ബില്ലിന് മന്ത്രിസഭയുടേയും ബഹുമാനപ്പെട്ട കേരള ഗവർണ്ണറുടേയും അംഗീകാരം ലഭിക്കുകയുണ്ടായി. പ്രസ്തുത ബില്ല് നിയമവകുപ്പ് മുഖേന നിയമസഭയുടെ അധികാരത്തിനായി സമർപ്പിച്ചിരുന്നു. 13-ാം കേരള നിയമസഭ പ്രസ്തുത ബില്ല് 294-ാം നമ്പർ ബില്ലായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 59-ാം ചട്ട പ്രകാരം പ്രസിദ്ധീകരിക്കുകയും ഉണ്ടായി. പ്രസ്തുത ചട്ടങ്ങളിലെ 76-ാം ചട്ടപ്രകാരം ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്ന പ്രമേയം അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട മുൻ ധനകാര്യ നിയമ ഭവനനിർമ്മാണ വകുപ്പുമന്ത്രി ഉദ്ദേശിക്കുന്ന വിവരം 17-10-2014-ൽ

നിയമസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും 13-ാം കേരള നിയമസഭ പിരിച്ചുവിട്ടുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ടി ബിൽ ഭരണഘടനയുടെ 196-ാം അനുച്ഛേദം 5-ാം ഖണ്ഡ പ്രകാരം ലാപ്സായി എന്നും ടി വിഷയത്തിന്മേലുള്ള നിയമനിർമ്മാണം സംബന്ധിച്ച നയപരമായ പുതിയ തീരുമാനം ആവശ്യമായി വന്നിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള 1965-ലെ കേരള കെട്ടിട (പാട്ടം-വാടക നിയന്ത്രണ) നിയമം പരിഷ്കരിക്കുന്നതിന് നിയമവകുപ്പ് തയ്യാറാക്കിയിട്ടുള്ള 2014-ലെ കേരളാ കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാന വാടകയും മറ്റു സൗകര്യങ്ങളും) ബില്ലിന്റെ കരട് ഈ മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കാവുന്നതാണോ എന്നും അല്ലെങ്കിൽ വ്യാപാരി വ്യവസായികളുടേയും കെട്ടിട ഉടമകളുടേയും സംഘടനകളുമായി വീണ്ടും ചർച്ച നടത്തി പുതിയ കരട് ബിൽ തയ്യാറാക്കേണ്ടതുണ്ടോ എന്നതും സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്.

<u>ഇന്റേൺസിന് സ്റ്റൈപ്പന്റ്</u>

<u>ശ്രീ. വി.റ്റി. ബൽറാം</u>: സർ, നമ്മുടെ കേരളത്തിലെ മെഡിക്കൽ, ഡെന്റൽ, പി.ജി. കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾ തമ്മിൽ നിലനിൽക്കുന്ന വിവേചനപരമായ

ഒരു അസമത്വത്തിലേയ്ക്കാണ് ഞാൻ ശ്രദ്ധ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. രണ്ടു കോഴ്സുകളേയും ഏതാണ്ട് സമാന സ്വഭാവത്തിൽ കാണേണ്ടതാണ്. കോഴ്സ് ഡ്യൂറേഷന്റെ കാര്യത്തിലും അവർ എടുക്കുന്ന പ്രവർത്തനങ്ങളുടെ കാര്യത്തിലുമൊക്കെ. മെഡിക്കൽ പി.ജി. വിദ്യാർത്ഥികൾക്ക് നല്ല രീതിയിലുള്ള സ്റ്റൈപ്പന്റ് കിട്ടുന്നുണ്ട്, നമുക്കറിയാം എം.ഡി.എസ്-ന് ഗവൺമെന്റ് കോളേജിൽ പഠിക്കുമ്പോൾ വർഷം തോറും 50,000 രൂപ വീതമാണ് ഫീസ്. മൂന്ന് വർഷത്തെ കോഴ്സിന് ഏതാണ്ട് ഒന്നര ലക്ഷം രൂപ ഫീസ് കൊടുത്താൽ മതി. അതേസമയം പ്രൈവറ്റ് കോളേജിൽ അവിടത്തെ മെരിറ്റ് സീറ്റിൽ പഠിക്കുമ്പോൾ പോലും ഏതാണ്ട് 20-25 ലക്ഷം രൂപ കോഴ്സ് കഴിയുന്നതോടുകൂടി ഫീസിനത്തിൽ തന്നെ കുട്ടികൾ അടയ്ക്കേണ്ടി വരുന്നു. ഗവൺമെന്റ് ഡെന്റൽ കോളേജുകളിൽ എം.ഡി.എസ് കോഴ്സിന് പ്രതിമാസം 33000 മുതൽ 35000 രൂപവരെ സ്റ്റൈപ്പന്റ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ട്. അതായത് മൂന്ന് വർഷത്തിന് ഏതാണ്ട് 12.5 ലക്ഷം രൂപയോളം ഈ സ്റ്റൈപ്പന്റ് ഇനത്തിൽ കുട്ടികൾക്ക് കിട്ടുന്നുണ്ട്. അതിൽ നിന്ന് ഏതാണ്ട് ഒന്നര ലക്ഷം രൂപ പോയാലും ബാക്കി അവരുടെ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാനുള്ള സ്റ്റൈപ്പന്റ് അവർക്ക് കിട്ടുന്നുണ്ട്. എന്നാൽ പ്രൈവറ്റ് ഡെന്റൽ കോളേജുകളിൽ പി.ജി. വിദ്യാർത്ഥികളായി പഠിക്കുന്ന കുട്ടികൾക്ക് ഒരു

രൂപ പോലും സ്റ്റൈപ്പന്റ് ലഭിക്കുന്നില്ല. ഇത് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ വിദ്യാർത്ഥികളില ചിലർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷനിലൂടെ മുന്നോട്ടുപോയപ്പോൾ അതിന്റെ റെസ്പോണ്ടൻസായിട്ടുള്ള കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയും അവർക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായിട്ടുള്ള തീരുമാനം എടുക്കാമെന്നാണ് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ 2016 മെയ് മാസത്തിൽ അവരുടെ ഒരു നോട്ടിഫിക്കേഷൻ പുറത്തിറക്കി, അതിന്റെ ഭാഗമായിട്ട് സ്റ്റൈപ്പന്റ് കൊടുക്കണം എന്ന് പ്രത്യേകമായി നിഷ്കർഷിച്ചു. അതോടൊപ്പം അത് ഏതൊക്കെ തരത്തിൽ കൊടുക്കാം, അതിന്റെ ക്വാണ്ടം എന്തായിരിക്കണം? അത് കിട്ടുന്നില്ലെങ്കിൽ എങ്ങനെ ഉറപ്പു വരുത്താം എന്നതൊക്കെ അതത് സംസ്ഥാന ഗവൺമെന്റുകൾക്ക് തീരുമാനിക്കാം എന്നാണ് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അവരുടെ നോട്ടിഫിക്കേഷനിലൂടെ പറഞ്ഞത്. നമ്മുടെ ഹെൽത്ത് യൂണിവേഴ്സിറ്റി ഒരു സർക്കുലർ 22-1-2016-ന് പുറത്തിറക്കിയിട്ടുണ്ട്. വളരെ കർശനമായിട്ടുതന്നെ ഈ പ്രൈവറ്റ് ഡെന്റൽ കോളേജുകളിലും എം.ഡി.എസ് കോഴ്സിന് കർശനമായി സ്റ്റൈപ്പന്റ് കൊടുത്തിരിക്കണം. അതിൽ ഏതെങ്കിലും വിധത്തിലുള്ള പരാതി

ഉണ്ടാകുകയാണെങ്കിൽ വളരെ severe ആയിട്ടുള്ള ആക്ഷനുണ്ടാകും എന്നൊക്കെയാണ് യൂണിവേഴ്സിറ്റി പുറത്തിറക്കിയിരിക്കുന്ന സർക്കുലർ. ഇതൊക്കെയുണ്ടായിട്ടും ഇപ്പോഴും കേരളത്തിലെ ഒരു പ്രൈവറ്റ് ഡെന്റൽ കോളേജുകളിൽപ്പോലും എം.ഡി.എസ്. വിദ്യാർത്ഥികൾക്ക് ഈ രീതിയിലുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നില്ല. വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകൾ അവർ അനുഭവിക്കുകയാണ്. മറ്റെല്ലാ ജോലിയും അവർ എടുക്കുന്നുണ്ട്, നൈറ്റ് ഡ്യൂട്ടിയുണ്ട്, ദിവസം മുഴുവൻ റസിഡന്റ് ഡോക്ടർ എന്ന നിലയിൽ പ്രവർത്തിക്കേണ്ടതായിട്ട് വരുന്നു. അതുപോലെ ടീച്ചിംഗ് ജോലിയുണ്ട്. ഇതൊക്കെയുണ്ടായിട്ടും അവർക്ക് ഒരു രൂപപോലും സ്റ്റൈപ്പന്റ് കിട്ടുന്നില്ല എന്നുള്ള ഒരു അവസ്ഥയുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത് സ്വാശ്രയ ഡെന്റൽ കോളേജുകളുമായി ചർച്ച ചെയ്ത് അവരുമായിട്ടുള്ള കരാർ നിലവിലുണ്ട്. കരാറിനകത്തേയ്ക്ക് ഇത് ഉൾപ്പെടുത്തി ഇവർക്കു കൂടി അർഹമായിട്ടുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള അടിയന്തിരമായിട്ടുള്ള ചർച്ച ഗവൺമെന്റ് മാനേജുമെന്റുകളുമായി നടത്തണം. ഹെൽത്ത് യൂണിവേഴ്സിറ്റിയുടേയും ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടേയും കോടതിയുടേയും ഒക്കെ നിർദ്ദേശം അവർ പാലിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റ് തയ്യാറാകണം എന്നാണ്

എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് മെഡിക്കൽ ഡെന്റൽ കോളേജുകളിൽ ഇന്റേൺഷിപ്പിന് സ്റ്റൈപ്പന്റ് ലഭ്യമായി വരുന്നുണ്ട്. കേരള ആരോഗ്യ സർവ്വകലാശാല ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരു സർക്കുലർ പുറപ്പെടുവിച്ചുകൊണ്ട് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഇന്റേൺഷിപ്പിനും സ്റ്റൈപ്പന്റ് നൽകണമെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സ്വാശ്രയ ഡെന്റൽ കോളേജുകളിൽ എല്ലാപേരും ഒരു പോലെ സ്റ്റൈപ്പന്റ് നൽകുന്നില്ല. ചില കോളേജുകൾ സ്റ്റൈപ്പന്റ് നൽകുന്നുണ്ട്. നൽകുന്നതുതന്നെ ഒരേ നിരക്കിലല്ല, വ്യത്യസ്ത നിരക്കിലാണ് അവർ സ്റ്റൈപ്പന്റ് നൽകുന്നത് എന്നാണ് ഇപ്പോൾ കാണുന്നത്. ഇതുസംബന്ധിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വ്യക്തമായിട്ടുള്ള നിർദ്ദേശങ്ങളും ഗൈഡ്‌ലൈൻസും ഇല്ല എന്നുള്ളതാണ് വസ്തുത. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ലോകായുക്തയിലും ഒരു കേസ്സ് നിലവിലുണ്ടായിരുന്നു. ലോകായുക്തയുടെ നിർദ്ദേശവും ഉണ്ടായിട്ടുള്ളതാണ്, അതിനുശേഷം യൂണിവേഴ്സിറ്റി നിർദ്ദേശം കൊടുത്തെങ്കിലും കൃത്യമായി എല്ലാ കോളേജുകളും അത് പാലിച്ചു

കാണുന്നില്ല. ഇപ്പോൾ ജെയിംസ് കമ്മിറ്റിയുടെ മുമ്പാകെ ഇതിന്റെ ഒരു പരാതി വന്നിട്ടുണ്ട്. 31-10-2016-ന് ജെയിംസ് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുമെന്നാണ് മനസ്സിലാക്കുന്നത്. ജെയിംസ് കമ്മിറ്റിയുടെ തീരുമാനത്തിന് ശേഷം നമുക്ക് അനുകൂലമായിട്ടല്ലെങ്കിൽ എന്താണ് ചെയ്യുകയെന്ന് സർക്കാർ ആലോചിക്കുന്നതാണ്.

<u>ഡോക്ടർമാരുടെ സേവനം ഉറപ്പാക്കൽ</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച പാലക്കാട് ജില്ലയിലെ ഏറ്റവും പുരാതനമായ ആശുപത്രിയാണ് ആലത്തൂർ താലൂക്കാശുപത്രി. ജില്ലാശുപത്രി കഴിഞ്ഞാൽ രോഗികൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. 1500-ലധികം രോഗികളാണ് പ്രതിദിനം അവിടെ വന്നുപോകുന്നത്. ഒരിക്കലും തിരിച്ചുവരില്ലെന്ന് കരുതിയ കോളറ ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങളുടെ ഹോട്ട്സ്പോട്ടായി ആരോഗ്യ വകുപ്പുതന്നെ മാർക്ക് ചെയ്ത സ്ഥലമാണ് ആലത്തൂർ. കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് ഗവൺമെന്റുകൾ മാത്രമാണ് ഈ ആശുപത്രിക്ക് അർഹിക്കുന്ന പരിഗണന നൽകി സംരക്ഷിച്ചിട്ടുള്ളത്. ഞാൻ ഈ സബ്മിഷൻ മുൻപും ഇവിടെ നൽകിയതാണ്. അതിനുശേഷം ചില ഡോക്ടർമാരെയും ആശുപത്രി സൂപ്രണ്ടിനേയും അനുവദിച്ചുതന്നിട്ടുണ്ട്, അതിന്

നന്ദിയുണ്ട്. എങ്കിലും പരാധീനതകൾ തുടരുകയാണ്. മൂന്ന് കൺസൾട്ടന്റ് തസ്തികയിൽ രണ്ട് തസ്തികയും കുറേക്കാലമായി ഒഴിഞ്ഞ് കിടക്കുകയാണ്. ഒരു സീറ്റിൽ ഡോക്ടറെ നിയമിച്ചെങ്കിലും വർക്ക് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ അവരിപ്പോൾ തൃശ്ശൂർ ജനറലാശുപത്രിയിലാണ്. രണ്ട് ജൂനിയർ കൺസൾട്ടന്റ് തസ്തികയും ഒഴിഞ്ഞ് കിടക്കുകയാണ്. ഒരു ജൂനിയർ കൺസൾട്ടന്റിന്റെ ശമ്പളം ആലത്തൂരിൽനിന്നാണെങ്കിലും അവർ ജോലി ചെയ്യുന്നത് പാലക്കാട് ജില്ലാ ശുപത്രിയിലാണ്. നഴ്സിംഗ് സൂപ്രണ്ട് ഇപ്പോഴും അവിടെ ചുമതലയേറ്റിട്ടില്ല. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, ആശുപത്രി വികസനവുമായി ബന്ധപ്പെട്ടുള്ള സ്ഥലപരിമിതിയാണ്. നിലവിലുള്ള സ്ഥലത്ത് ഇപ്പോൾ ബഹുനില കെട്ടിടങ്ങൾ പണിയുവാൻ കഴിയില്ല. കാരണം തൊട്ടടുത്ത് സബ് ജയിലാണ്. ആശുപത്രിയുടെ പ്രവേശന കവാടത്തിലാണ് ആലത്തൂർ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. അവിടെ ഇടുങ്ങിയ റോഡായതിനാൽ നിരന്തരമുണ്ടാകുന്ന ഗതാഗതക്കുരുക്കും ആശുപത്രി വികസനത്തിന് തടസ്സമായി നിൽക്കുന്നു. എന്നാൽ ആശുപത്രിയുടെ തൊട്ടടുത്ത് ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കുറച്ച് സ്ഥലം കാടുപിടിച്ച് കിടക്കുകയാണ്. നേരത്തെ ഡോക്ടർമാർ വാടകയ്ക്ക് താമസിച്ചിരുന്ന ഒരു ക്വാർട്ടേഴ്സുണ്ടായിരുന്നു. അതെല്ലാം ഇടിഞ്ഞുപൊളിഞ്ഞുപോയി.

അതുപോലെതന്നെ ബ്രിട്ടീഷുകാർ ആശുപത്രി പണിത സമയത്ത് അവിടെ ഡോക്ടർമാർക്ക് താമസിക്കാൻവേണ്ടി ക്വാർട്ടേഴ്സുകൾ പണിത ഒരു സ്ഥലമുണ്ട്. അത് പിന്നീട് സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തി. ഇത് രണ്ടും ആശുപത്രിയോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങളാണ്. ഗവൺമെന്റ് താൽപ്പര്യമെടുത്ത് ഇത് ഏറ്റെടുക്കുകയാണെങ്കിൽ ആശുപത്രിയുടെ സമഗ്രമായ വികസനത്തിന് നമുക്ക് നേതൃത്വം കൊടുക്കാൻ കഴിയും. അത്തരമൊരു നേതൃത്വം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ആശുപത്രികളുടെ പരാധീനതകൾ സംബന്ധിച്ച പരാതികൾ സഭയ്ക്കകത്ത് നിരന്തരം വന്നുകൊണ്ടിരിക്കുകയാണ്. ഈ പരാധീനതകൾ തീർക്കുന്നതിനായി സർക്കാർ കർശനമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒന്നുരണ്ട് കൊല്ലംകൊണ്ട് വലിയ പരാധീനതകൾ പരിഹരിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം സർക്കാരിനുണ്ട്. പ്രത്യേകിച്ച് താലൂക്കാശുപത്രികളെ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. 42 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങളിലേയ്ക്ക്

പോയിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല ഈ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. തീരെ സ്ഥലപരിമിതിയുള്ള ആശുപത്രികൾക്ക് സ്ഥലംകൂടി കണ്ടെത്തിക്കൊണ്ട് ആശുപത്രിയെ മെച്ചപ്പെടുത്താനുള്ള നടപടിക്രമങ്ങളാണ് സർക്കാർ ആലോചിക്കുന്നത്.

ആലത്തൂർ താലൂക്കാശുപത്രിയിൽ ഇപ്പോൾ പ്രധാനപ്പെട്ട സ്പെഷ്യാലിറ്റി സേവനങ്ങളൊക്കെയുണ്ട്. മെഡിസിൻ, പീഡിയാട്രിക്, നേത്ര വിഭാഗം, ദന്തൽ, അനസ്തറ്റിക്, സർജറി, ഇ.എൻ.റ്റി., ഓർത്തോ, ഗൈനക്കോളജി, ഒഫ്ത്താൽമോളജി എന്നീ സ്പെഷ്യാലിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. 154 കിടക്കകൾ ഈ സ്ഥാപനത്തിൽ അനുവദിച്ചിട്ടുണ്ട്. ലബോറട്ടറി, ബ്ലഡ് സ്റ്റോറേജ്, എക്സ്റേ, മോർച്ചറി തുടങ്ങിയ സൗകര്യങ്ങളും അവിടെയുണ്ട്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയുമുണ്ട്. മോർച്ചറി സൗകര്യമുണ്ടെങ്കിലും അതിന്റെ ജനറേറ്ററടക്കം ഈ കെട്ടിടം കൈമാറി കിട്ടിയിട്ടില്ലാത്തതിനാൽ പ്രവർത്തിച്ച് തുടങ്ങിയിട്ടില്ല. അടിയന്തരമായി അത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വാർഡുകളുടെ അപര്യാപ്തതയും സ്ഥലപരിമിതിയുമുണ്ട്. അതുപോലെതന്നെ ഇതിനടുത്തായി ജയിലും കോടതിയുമൊക്കെ ആയതിനാൽ അവിടെ കെട്ടിടങ്ങൾ ഉയർത്തി പണിയാൻ കഴിയാത്ത പ്രത്യേകതയും

താലൂക്കാശുപത്രിയെ സംബന്ധിച്ചുണ്ട്.

താലൂക്കാശുപത്രിയിൽ ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിന് ശ്രമിച്ചുവരികയാണ്. കേരളത്തിലെ താലൂക്കാശുപത്രികളിൽ മിക്കതിലും താലൂക്കാശുപത്രികൾക്കാവശ്യമായ തസ്തികയില്ലായെന്നത് ഞാൻ നിരവധി തവണ സഭയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. എല്ലാ താലൂക്കാശുപത്രികളിലും ആവശ്യമായ തസ്തിക സൃഷ്ടിക്കാൻ ഒരു സമാഹൃത പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്. അതിൽ ആലത്തൂർ താലൂക്കാശുപത്രിയേയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിലെ ജൂനിയർ കൺസൾട്ടന്റുമാരുടെ രണ്ട് ഒഴിവിലേയ്ക്കും കൺസൾട്ടന്റുമാരുടെ രണ്ട് ഒഴിവിലേയ്ക്കും അഡ്ഹോക്ക് വ്യവസ്ഥയിൽ നാല് ഡോക്ടർമാർ ജോലി ചെയ്തുവരുന്നുണ്ട്. മറ്റുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്ഥലമടക്കം അക്വയർ ചെയ്തുകൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാൻ ഈ താലൂക്കാശുപത്രിക്കുവേണ്ടി അടിയന്തരമായി തയ്യാറാക്കി ബഹുമാനപ്പെട്ട മെമ്പറുടെ നേതൃത്വത്തിൽതന്നെ അവിടത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയടക്കം സഹായത്തോടുകൂടി നൽകാനും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തരാനും നിർദ്ദേശിച്ചിട്ടുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് താലൂക്കാശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയായി മാറ്റുന്നതിനുള്ള

പ്രവർത്തനം ഗവൺമെന്റ് നടത്തുന്നതാണ്.

## സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ നിയോജകമണ്ഡലത്തിലെ പെരിന്തൽമണ്ണ താലൂക്കാശുപത്രി ജില്ലാശുപത്രിയായി ഉയർത്തിക്കൊണ്ട് 04.01.2014-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രതിദിനം ഏകദേശം 1600 രോഗികൾ ചികിത്സ തേടിയെത്തുന്നതും 179-ഓളം പേരെ അഡ്മിറ്റ് ചെയ്യാനും കഴിയുന്ന ഒരു ആശുപത്രിയാണിത്. മാത്രമല്ല പ്രതിമാസം 197-ഓളം പ്രസവങ്ങളും ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. രോഗികൾ ചികിത്സ തേടിയെത്തുന്ന മലപ്പുറം ജില്ലയിലെ ഏറ്റവും തിരക്കുള്ള ആശുപത്രിയാണിത്. ഈ ആശുപത്രി ജില്ലാശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ സ്റ്റാഫ് പാറ്റേൺ ആനുപാതികമായി പുതുക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഇതുവരേയും നടപ്പായിട്ടില്ല. ഏറ്റവുമൊടുവിൽ 07.06.2016-ൽ ചേർന്ന ജില്ലാശുപത്രി മാനേജിംഗ് കമ്മിറ്റി ഈ വിഷയം വീണ്ടും പരിഗണിക്കുകയും പുതിയ തസ്തികകൾ അനുവദിക്കുന്നതിന് 15.07.2016-ൽ ജില്ലാശുപത്രി സൂപ്രണ്ട് വീണ്ടും സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് ബാധ്യതയുണ്ടാക്കുമെന്ന് പറഞ്ഞ് ഈ ആവശ്യം 30.07.2016-ൽ

നിരസിക്കപ്പെട്ടു. താലൂക്കാശുപത്രിയായിരുന്നപ്പോൾ 177 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ 250 രോഗികളെയാണ് ഇത്തരത്തിൽ ചികിത്സിക്കേണ്ടി വരുന്നത്. മാത്രമല്ല ഒ.പി. വിഭാഗത്തിൽ എത്തുന്നവരുടെ എണ്ണത്തിലും ക്രമാതീതമായ വർദ്ധനവ് വന്നിട്ടുണ്ട്. എൻ.ആർ.എച്ച്.എം.-ന്റെ സഹായത്തോടുകൂടി 4,25,00,000/- രൂപ ചെലവഴിച്ചുകൊണ്ട് പുതുതായി പണികഴിപ്പിച്ച മാതൃ-ശിശു വാർഡിന്റെ പ്രവർത്തനം ആവശ്യത്തിന് സ്റ്റാഫില്ലാത്തതിനാൽ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ടി വാർഡ് പ്രവർത്തനമാരംഭിച്ചാൽ രോഗികളുടെ ബാഹുല്യംകൊണ്ട് ബുദ്ധിമുട്ടുന്ന ഈ ആശുപത്രിക്ക് വളരെ ആശ്വാസമായിരിക്കും. പുതിയ ബ്ലോക്കിന്റെ പ്രവർത്തനംകൂടി ആരംഭിക്കുന്ന ഘട്ടത്തിൽ ഏകദേശം 150 രോഗികളെക്കൂടി കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാഹചര്യത്തിൽ ജില്ലാ ആശുപത്രിക്കാവശ്യമായ രീതിയിലും പുതിയ ബ്ലോക്ക് തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ രീതിയിലും ഡോക്ടർമാരും നഴ്സുമാരുമുൾപ്പെടെ 123 ജീവനക്കാരുടെ അധിക തസ്തികകൾ ആവശ്യമുണ്ട്. ഇതുമാത്രമല്ല അവിടെ അനസ്തറ്റിക് കൺസൾട്ടന്റ് തസ്തികയിലുള്ള ഡോക്ടർ കഴിഞ്ഞ ഡിസംബറിൽ വിരമിച്ചു. അവിടെയുണ്ടായിരുന്ന ഒരു ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ

ഡോക്ടർ ഇപ്പോൾ അവധിയിൽ പ്രവേശിക്കുകയും ചെയ്തു. അതുകൊണ്ട് അവിടെ ഓപ്പറേഷൻപോലും സുഖകരമായി നടക്കുന്നില്ല. കഴിഞ്ഞ ഒരാഴ്ചയായി അവിടെ ഓപ്പറേഷൻ മുടങ്ങുകയുണ്ടായി, അതുസംബന്ധിച്ച് പത്രങ്ങളിലെല്ലാം വലിയ വാർത്തകൾ വന്നിരുന്നു. ഈ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് 123 ജീവനക്കാരുടെ അധിക തസ്തിക അനുവദിക്കുന്ന കാര്യം പുന:പരിശോധിച്ച് അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതിനും ഒഴിഞ്ഞു കിടക്കുന്ന അനസ്തറ്റിക് കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ് എന്നീ തസ്തികകളിൽ അതിവേഗം നിയമനം നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ബഹുമാനപ്പെട്ട മെമ്പർമാർ സബ്മിഷനിലൂടെ ഇവിടെ ഉന്നയിക്കുന്ന വിഷയങ്ങൾ കാണുമ്പോൾ അങ്ങേയ്ക്കും മനസ്സിലാകുന്നുണ്ടാകും എത്ര വലിയ പ്രശ്നമാണ് കേരളത്തിലെ ആരോഗ്യമേഖലയിൽ നിലനിൽക്കുന്നതെന്ന്. പ്രത്യേകിച്ച് സ്റ്റാഫിന്റെ അപര്യാപ്തത എത്ര ഗുരുതരമാണ് എന്നുള്ളത്. എല്ലാ മെമ്പർമാരും പറയുന്നത്, ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തിരിക്കുന്നു, പക്ഷേ അവിടെ ആവശ്യമായ തസ്തികകൾ ഇല്ലെന്നുള്ളതാണ്. കുറെ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന പ്രക്രിയയാണിത്. അപ്ഗ്രഡേഷൻ നടത്തി ബോർഡ്

മാറ്റിവയ്ക്കുക, ആശുപത്രികളിൽ ആവശ്യമായ തസ്തികകളോ മറ്റ് സൗകര്യങ്ങളോ സൃഷ്ടിക്കാതിരിക്കുക, ആവശ്യത്തിന് ഡോക്ടർമാരില്ലാതിരിക്കുക, ഇതാണ് അവസ്ഥ. എത്രയോ വർഷങ്ങളായി ചെയ്യേണ്ടിയിരുന്ന പ്രവർത്തനങ്ങളുടെ അധികഭാരം ഇപ്പോൾ ഈ ഗവൺമെന്റിന്റെ മുന്നിൽ വരികയാണ്. ഞാൻ ഈ ഉത്തരവാദിത്തം ഏറ്റെടുത്തശേഷമാണ് ആശുപത്രികളിൽ ഇത്രയും ഗുരുതരമായ പ്രശ്നങ്ങളുണ്ടെന്ന് മനസ്സിലാക്കുന്നത്. പല ആശുപത്രികളിലും ബോർഡ് മാത്രമെയുള്ളൂ. മാത്രമല്ല സ്റ്റാൻഡേർഡൈസേഷന് എതിരായി അപ്ഗ്രഡേഷൻ നടന്നിട്ടുണ്ട്. ഒരു ജില്ലയിൽതന്നെ മൂന്നും നാലും ജില്ലാശുപത്രികളാണുള്ളത്. താങ്കളുടെ മലപ്പുറം ജില്ലയിൽതന്നെ നാല് ജില്ലാശുപത്രികളുണ്ട് എന്നുള്ളതാണ്. സാധാരണയായി ജില്ലയിൽ ഒരു ജില്ലാശുപത്രി കൂടാതെ നേരത്തെ നിലനിന്നിരുന്ന ജനറൽ ഹോസ്പിറ്റലുകളുണ്ട്. അത് ഇപ്പോൾ സ്റ്റാന്റേർഡൈസേഷൻ വരുത്തി ഓർഡറിറക്കി. പക്ഷെ അതിലുള്ള വിഷമം, നേരത്തെ അപ്ഗ്രേഡ് ചെയ്ത ഒരു സ്ഥാപനത്തെ ഇനി തരംതാഴ്ത്താൻ സാധിക്കില്ല. നിലനില്ക്കുന്നതിനെ നിർത്തിക്കൊണ്ട് ഇനി വരുന്നതിൽ ശ്രദ്ധിക്കുക മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. ജില്ലയിൽ ഒരു ജില്ലാശുപത്രി, താലൂക്കിൽ ഒരു താലൂക്കാശുപത്രി, ഒരു വികസന ബ്ലോക്കിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത്

സെന്റർ ഒരു പഞ്ചായത്തിൽ ഒരു പി.എച്ച്.സി. അതിന് കീഴിൽ സബ് സെന്ററുകൾ. ഇതാണ് പാറ്റേൺ. ആ പാറ്റേൺ നിലനിർത്തേണ്ടതാണ്, പക്ഷെ നേരത്തെ അപ്ഗ്രേഡ് ചെയ്ത ആശുപത്രികളെ ഇനി തരംതാഴ്ത്താൻ സാധിക്കാത്തതിനാൽ നാല് ജില്ലാശുപത്രിയുണ്ടെങ്കിൽ നാലിനേയും നിലനിർത്താനും ആ നാലിനും നൂറും നൂറ്റൻപതും പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാനും ഈ ഗവൺമെന്റ് ഉത്തരവാദപ്പെട്ടിരിക്കുകയാണ്. അതിന്റെയൊരു പ്രയാസം എല്ലാവരും മനസ്സിലാക്കണം. അതുകൊണ്ട് സബ്മിഷൻ ഉന്നയിച്ചതിന്റെ അടുത്ത ദിവസം ഈ പോസ്റ്റെല്ലാം ക്രിയേറ്റ് ചെയ്ത് കിട്ടുമെന്ന് കരുതരുത്. പക്ഷെ ഉപേക്ഷിക്കുന്നില്ല. നിർബന്ധമായും ചെയ്യും. കാരണം സമാഹൃത പ്രൊപ്പോസൽ സമർപ്പിക്കാൻ പറഞ്ഞിട്ടുണ്ട്. അതിൽ പെരിന്തൽമണ്ണ ആശുപത്രിയെ ഉറപ്പായും ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റാഫ് ക്രിയേഷൻ നടത്തുന്നതാണ്. ഒരു ജില്ലാശുപത്രിയെ നമുക്ക് നശിപ്പിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞിട്ടുണ്ട് ഒരു ആശുപത്രിയിൽ 123 അധിക തസ്തിക പുതതായി ക്രിയേറ്റ് ചെയ്യണമെന്ന്. ബഹുമാനപ്പെട്ട മെമ്പർമാരെല്ലാം അറിയുന്നതിന് പറയുകയാണ്, ഈ ഗവൺമെന്റ് വന്നതിന് ശേഷം 756 പുതിയ തസ്തികകൾ ക്രിയേറ്റ് ചെയ്തു. കഴിഞ്ഞ ക്യാബിനറ്റിൽ

വന്നതുംകൂടി നോക്കിയാൽ കുറച്ചു കൂടി കൂടിയിട്ടുണ്ട്. അഞ്ച് മാസത്തിനുള്ളിൽ ആയിരത്തിനടുത്ത് തസ്തികകൾ ക്രിയേറ്റ് ചെയ്തുകഴിഞ്ഞു. അത് ധനകാര്യ വകുപ്പു കൂടി അംഗീകരിച്ചിട്ട് ചെയ്യേണ്ടതാണ്. കാരണം റെക്കറിംഗ് എക്സ്പെന്റിച്ചർ വരുന്നതാണ്. ധനകാര്യ വകുപ്പ് ആവശ്യത്തിലധികം തസ്തികകൾ ക്രിയേറ്റ് ചെയ്യുന്നതിൽ ഒരു പിടിത്തമുണ്ട്. പക്ഷെ ആരോഗ്യ മേഖലയുടെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് കുറെ തസ്തികകൾ ക്രിയേറ്റ് ചെയ്യാൻ ധനകാര്യ വകുപ്പ് തയ്യാറാകുന്നുണ്ട്. നിർബന്ധമായിട്ടും എല്ലാവരും ഒരുമിച്ച് ശ്രമിച്ചാൽ ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ....., സബ്മിഷൻ ഉന്നയിക്കുമ്പോൾ ഞാൻ പറഞ്ഞല്ലോ....., നെടുമങ്ങാട് മാത്രമല്ല, 140 മണ്ഡലങ്ങളിലും ഈ  ദുരവസ്ഥയാണുള്ളത്. അവിടെ ഒരു ലാബ് ടെക്നീഷ്യന്റെ തസ്തിക പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ സമാഹൃത പ്രൊപ്പോസലിൽ ഉൾപ്പെടുത്തിക്കൊണ്ട് പരിഹരിക്കുന്നതാണ്. പെരിന്തൽമണ്ണ താലൂക്കാശുപത്രിയെ ഒരു നല്ല ആശുപത്രിയാക്കി ഉയർത്തുന്നതിന് ബഹുമാനപ്പെട്ട മെമ്പർ കൂടി പരിശ്രമിക്കണം.  ഗവൺമെന്റിന്റെ എല്ലാ സഹായവും അതിന് ലഭിക്കും.  ആ രീതിയിൽ ആ പ്രശ്നങ്ങൾ പരിഹരിക്കാം. മാതൃ-ശിശു വാർഡിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കാൻ പ്രത്യേക

നീക്കം നടത്തുന്നതാണ്. അത് അടിയന്തര ആവശ്യമാണ്. അനസ്തേഷ്യസ്റ്റിന്റെ കാര്യം പറഞ്ഞു. ഡോക്ടർമാരെ ലഭിക്കാൻ വിഷമമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ നമ്മൾ നിശ്ചയിച്ചാൽതന്നെയും അവർ അനധികൃത അവധിയെടുത്ത് പോകുകയാണ്. അൺഓതറൈസ്ഡ് ആയി അവർ ലീവെടുത്ത് പോകുന്നുണ്ട്. അതിനൊക്കെ മാറ്റം വരുത്തുന്നതിനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അനസ്തേഷ്യസ്റ്റിനെ കിട്ടുമോ എന്നുള്ളകാര്യം അടിയന്തരമായി നോക്കിക്കൊണ്ടിരിക്കുകയാണ്. ആ തസ്തികയിലേയ്ക്ക് ഡോക്ടറെ പോസ്റ്റ് ചെയ്തുകൊണ്ട് ഓപ്പറേഷൻ തടസ്സപ്പെട്ട അവസ്ഥ അടിയന്തരമായി പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

ക്ഷേമ പദ്ധതി

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സമസ്ത മേഖലയിലും ഒഴിച്ചുകൂടാൻ കഴിയാത്ത ശബ്ദവെളിച്ച മേഖലയിലെ അസംഘടിതരായ സ്വയംതൊഴിൽ ചെയ്യുന്ന ഉടമകൾ, ടെക്നീഷ്യൻമാർ, പരസ്യ പ്രക്ഷേപകർ, പന്തൽ ഉപകരണങ്ങൾ വാടകയ്ക്ക് നിർമ്മിക്കുന്നവർ തുടങ്ങി ഈ മേഖലയുമായി ബന്ധപ്പെടുന്ന സംസ്ഥാനത്തെ ലക്ഷക്കണക്കിന് തൊഴിലാളികളുടെ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. സംസ്ഥാനത്തെ മത-രാഷ്ട്രീയ-

സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ അവഗണിക്കാൻ കഴിയാത്ത തൊഴിലാളി - ഉടമ വ്യത്യാസമില്ലാത്ത ഒരു ശ്രദ്ധേയമായ വിഭാഗമായി ഇവർ മാറിയിരിക്കുകയാണ്. എന്നാൽ അപകടസാധ്യത ഏറെയുള്ളതും വൈദ്യുതിയുമായും നിർമ്മാണപ്രവർത്തനങ്ങളുമായും മറ്റും ബന്ധപ്പെട്ടിട്ടുള്ളതും ഈ മേഖലയിൽ ജോലി ചെയ്ത് വരുന്നതുമായ ഈ വിഭാഗങ്ങൾക്ക്, ഇതര മേഖലയിൽ പണിയെടുക്കുന്ന വിഭാഗങ്ങൾക്ക് ലഭ്യമാകുന്നത് പോലെയുള്ള അർഹതപ്പെട്ട ന്യായമായ ആനുകൂല്യങ്ങൾ, ഇൻഷ്വറൻസ് പരിരക്ഷയടക്കം ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുകയാണ്. സമാനമായ വിഷയം കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഉന്നയിക്കപ്പെട്ടിട്ടുള്ളതായി ഞാൻ മനസ്സിലാക്കുന്നു. അതിന് മറുപടിയായി പുതിയ ക്ഷേമപദ്ധതികൾ അനുവദിക്കുന്നതിന് കഴിയില്ലെന്നും നിലനിൽക്കുന്ന ബന്ധപ്പെടുത്താവുന്ന ക്ഷേമനിധിയുമായി ക്ലബ്ബ് ചെയ്ത് ശാക്തീകരിക്കുന്നതാണ് സർക്കാർ നയമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. 1991-ൽ രൂപീകൃതമായ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ ഇവരേയും ഉൾപ്പെടുത്താമെന്നാണ് അന്ന് സൂചിപ്പിച്ചിരുന്നത്. എന്നാൽ നിലവിൽ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയുമായി മറ്റ് 5 ക്ഷേമപദ്ധതികളെ ബന്ധിച്ച് -

ഡൊമസ്റ്റിക് വർക്കേഴ്സ്, പാചക തൊഴിലാളി, അലക്ക്, ബാർബർ, കേരള ക്ഷേത്ര ജീവനക്കാർ തുടങ്ങിയ - അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന പേരിലുള്ള ഒരു ക്ഷേമപദ്ധതിയുടെ രൂപീകരണത്തിലും നടപടിക്രമത്തിലുമാണെന്ന് അറിയുന്നു. ആകയാൽ ഇപ്പോൾ നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി പുതുതായി അംഗത്വം നൽകുന്നത് 2016 രണ്ടാം മാസം മുതൽ നിർത്തിവച്ചിരിക്കുകയാണ്. മാത്രമല്ല നിലവിലുള്ള ആനുകൂല്യങ്ങൾ ഒന്നുംതന്നെ കാലോചിതമായി പരിഷ്ക്കരിച്ചിട്ടില്ലാത്തതുമാകുന്നു. ആയതിനാൽ ഈ വിഷയങ്ങളെല്ലാം കൂടി പരിഗണിച്ചുകൊണ്ട് സംസ്ഥാനത്തെ ലൈറ്റ് ആന്റ് സൗണ്ട്സ്, പന്തൽ നിർമ്മാണ തൊഴിലാളി വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയത്തക്ക നിലയിൽ പ്രത്യേകമായ ഒരു ക്ഷേമപദ്ധതി നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, നമ്മുടെ സംസ്ഥാനത്ത് ശബ്ദവും വെളിച്ചവും ഉച്ചഭാഷിണിയും മേഖലയിൽ പണിയെടുക്കുന്നവരും ഈ മേഖലയുമായി ബന്ധപ്പെട്ട ടെക്നീഷ്യൻമാരും സ്വന്തമായോ ഏതെങ്കിലും തൊഴിലുടമയുടെ കീഴിലോ പണിയെടുക്കുന്നവരാണ്.

ഒരു തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്നവർക്ക് 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, 1948 -ലെ മിനിമം വേതന നിയമം തുടങ്ങിയവ പ്രകാരമുള്ള സേവന വേതന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാവുന്നതാണ്. നിലവിൽ ഈ മേഖലയിലെ 252 തൊഴിലാളികൾ പ്രസ്തുത ക്ഷേമനിധി ബോർഡിൽ ഇതിനകം അംഗത്വമെടുത്തിട്ടുണ്ട്. ഈ ക്ഷേമനിധി ബോർഡിൽ നിന്ന് പെൻഷൻ, പ്രസവാനുകൂല്യം, മരണാനന്തര ചെലവിനുള്ള ധനസഹായം, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ ധനസഹായം, മരണാനന്തര സഹായം, വിവാഹ ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. ഈ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളെ ജി.ഒ. (എം.എസ്) നം.142/2010/തൊഴിൽ. പ്രകാരം സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 2008-ലെ കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമപ്രകാരം 2016-ൽ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമത്തിലാണ്

ഗവൺമെന്റ്. ശബ്ദവും വെളിച്ചവും, ഉച്ചഭാഷിണി, പന്തൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ എന്നിവർക്ക് ഈ പദ്ധതിയിലും അംഗങ്ങളാകാവുന്നതാണ്. മറ്റ് ക്ഷേമപദ്ധതികളെ അപേക്ഷിച്ച് ഈ പദ്ധതിയിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങളാണ് നിലവിലുള്ളത്. ഇതിൽ അംഗങ്ങളാകുന്നവർക്ക് റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം എന്നിവ ലഭിക്കുന്നതാണ്. മാത്രമല്ല ഇതിലെ അംഗങ്ങൾക്ക് അപകടം സംഭവിച്ചാൽ ആം ആദ്മി ബീമാ യോജനാ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇവരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ന് കേരളത്തിലെ വിവിധ ക്ഷേമനിധി ബോർഡുകളുടേയും പദ്ധതികളുടേയും പ്രവർത്തനം പരിശോധിക്കുമ്പോൾ നിലവിലുള്ള ബോർഡുകൾ എണ്ണത്തിൽ അധികമാണ്. അതെങ്ങനെ ലഘൂകരിക്കാമെന്നും സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ സമന്വയിപ്പിച്ച് കൂടുതൽ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള

നിലപാടാണ് എടുക്കുന്നത്. ട്രേഡ് യൂണിയൻ സംഘടനകളിലും ഇതിലൊരു യോജിച്ച ധാരണയാണുള്ളത്. അതാണ് കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന യാഥാർത്ഥ്യം. ഈ സാഹചര്യത്തിൽ ശബ്ദവും വെളിച്ചവും മേഖലയിൽ പണിയെടുക്കുന്നവർക്ക് പുതുതായി ഇൻഷ്വറൻസ് പദ്ധതിയും ക്ഷേമപദ്ധതിയും നടപ്പിലാക്കേണ്ട ആവശ്യം ഇപ്പോഴുള്ളതായി കാണുന്നില്ല.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

ശ്രീ. വി. എസ്. ശിവകുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വലിയതുറ, ബീമാപ്പള്ളി, പൂന്തുറ പ്രദേശത്ത് കടലാക്രമണംമൂലം വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വീടുവച്ച് നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. വലിയതുറ, ബീമാപ്പള്ളി, പൂന്തുറ എന്നീ പ്രദേശങ്ങളിൽ കടലാക്രമണംമൂലം 200-ഓളം മത്സ്യത്തൊഴിലാളികൾക്കാണ് വീടുകൾ നഷ്ടപ്പെട്ടിട്ടുള്ളത്. ഇവർ വലിയതുറ ഫിഷറീസ് സ്കൂളിലും മറ്റിടങ്ങളിലുമാണ് വർഷങ്ങളായി താമസിച്ച് വരുന്നത്. ഇതുമൂലം സ്കൂളിന്റെ പ്രവർത്തനങ്ങളേയും ഇത് ബാധിച്ചിരിക്കുകയാണ്. ഈ പ്രശ്നത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കഴിഞ്ഞ സർക്കാർ ഈ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് വലിയതുറ മുട്ടത്തറ

വില്ലേജിൽ മൂന്നര ഏക്കർ സ്ഥലം 18-02-2016-ൽ ഏറ്റെടുത്ത് ഫിഷറീസ് വകുപ്പിന് കൈമാറുകയുണ്ടായി. അതോടൊപ്പം അതിനടുത്ത് താമസിക്കുന്ന വികലാംഗ കോളനിയിലെ 90 കുടുംബങ്ങൾക്ക് വീടുവച്ച് നൽകുന്നതിന് 2 ഏക്കർ സ്ഥലവും അനുവദിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വന്നയുടനെ ബഹുമാന്യയായ മന്ത്രി ഈ സ്ഥലം സന്ദർശിച്ച് സ്കൂളുകളിൽ താമസിക്കുന്ന ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ഒരു മാസത്തിനകം വീടുവച്ച് നൽകുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അതിന് കാലതാമസം വന്നതുകൊണ്ട് ഇപ്പോൾ മനുഷ്യാവകാശ കമ്മീഷനിൽ തീരദേശ മേഖലയിലെ ആളുകൾ ഒരു പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിൽ പ്രധാനമായി ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും പറഞ്ഞിട്ടുള്ളത്, അവിടെ സ്വീവേജ് ഫാമിലുള്ള കുറച്ചു തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്നുള്ളതാണ്. പത്തോളം വരുന്ന ഡെയ്‌ലി വേജസായ തൊഴിലാളികളാണ് അവിടെയുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇതിനെക്കുറിച്ച് ചർച്ച നടത്തിയതാണ്. അവരെ സ്ഥിരപ്പെടുത്തി ഏതെങ്കിലും ഡിപ്പാർട്ടുമെന്റിലേയ്ക്ക് absorb ചെയ്യണമെന്നുള്ളത് തീർച്ചയായും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. വർഷങ്ങളായി മത്സ്യത്തൊഴിലാളികൾ ഫിഷറീസ് സ്കൂളുകളിൽ താമസിക്കുന്നു. സ്കൂളിന്റെ പ്രവർത്തനങ്ങൾ മുടങ്ങുകയാണ്. അത്

മനസ്സിലാക്കിക്കൊണ്ട് അടിയന്തരമായി, മന്ത്രിതന്നെ ഇക്കാര്യത്തിൽ ഇടപെട്ട് ഇരുന്നൂറോളം വരുന്ന മത്സ്യത്തൊഴിലാളികൾക്ക് വീടുവച്ച് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതുസംബന്ധിച്ച് ബഹുമാന്യയായ മന്ത്രി ജനപ്രതിനിധികളുടെ ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. ആ പ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് തീരദേശത്തുനിന്നും 50 മീറ്ററോളം മാറ്റി പുതുതായി വീടുവച്ചു കൊടുക്കാനുള്ള പദ്ധതിയെക്കുറിച്ചൊക്കെ ആ യോഗത്തിൽ പറഞ്ഞത് വളരെ സ്വാഗതാർഹമാണ്. തീരദേശ റോഡും അതുപോലെ തീരദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് ഭവനവും നിർമ്മിക്കുമെന്നു പറഞ്ഞു. എന്നാൽ അത് പൂർത്തിയാക്കാൻ എത്ര വർഷമെടുക്കും? ഈ പദ്ധതി നടപ്പാക്കാൻ വർഷങ്ങളോളമെടുക്കും. കാരണം പത്തു സെന്റ് സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. മൂന്നര ഏക്കർ സ്ഥലം വളരെ പ്രയാസപ്പെട്ട് കണ്ടെത്തി അത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് കൈമാറ്റം ചെയ്തിട്ടുണ്ട്. അതിന് തൊട്ടടുത്തു തന്നെയാണ് വികലാംഗ കോളനിയുള്ളത്. അവിടെ 90 കുടുംബങ്ങളുണ്ട്. അവിടെ മറ്റുചില തല്പരകക്ഷികൾ ഈ സ്ഥലം മറ്റേതെങ്കിലും കാര്യത്തിന് ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള ആലോചനകൾ നടത്തുന്നുണ്ട്.

അതുകൊണ്ട് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി തീരദേശത്തോട് പ്രത്യേക താല്പര്യമുള്ള മന്ത്രിതന്നെയാണ്. ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമെടുക്കുകയും മന്ത്രി ആ സ്ഥലം സന്ദർശിച്ച് ഒരു മാസത്തിനകം വീട് വച്ചുകൊടുക്കുമെന്നാണ് പറഞ്ഞത്. അതിനുവേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണം. അതിനാവശ്യമായ സ്ഥലമുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ നടപടിയെടുക്കണമെന്നാണ് എന്റെ സബ്മിഷൻ.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, തിരുവനന്തപുരം വലിയതുറ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ കടലാക്രമണത്തിനിരയായി വീട് നഷ്ടപ്പെട്ട 13 കുടുംബങ്ങളും സെന്റ് ആന്റണീസ് എൽ.പി. സ്കൂളിൽ രണ്ടു കുടുംബങ്ങളും ഇപ്പോഴും താമസിക്കുന്നുണ്ട്. തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ സർവ്വേ നം. 2610-ൽപ്പെട്ട 1.41 ഹെക്ടർ - മൂന്നര ഏക്കർ സ്ഥലം, മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 18.2.2016-ൽ അനുവദിച്ച് സർക്കാർ ഉത്തരവുണ്ടായിട്ടുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭൂമി വേർതിരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും സർവ്വേ വകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്ത് എത്തിയെങ്കിലും സ്വീവേജ് ഫാമിലെ തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് അവർക്ക് നൽകിയ ഉറപ്പുകൾ പാലിക്കാതെ സ്ഥലം അളന്നു തിട്ടപ്പെടുത്താൻ അനുവദിക്കുകയില്ലെന്ന് അറിയിച്ച് സർവ്വേ തടസ്സപ്പെടുത്തിയതിനെ തുടർന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ ഇടപെട്ട് മേൽ പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. പ്രസ്തുത സ്ഥലം അളന്നു തിരിക്കുന്നതുമായി ബന്ധപ്പെട്ട് മുട്ടത്തറ സ്വീവേജ് ഫാമിലെ തൊഴിലാളികളുടെ ഭാഗത്തുനിന്നുള്ള എതിർപ്പ് രമ്യമായി പരിഹരിച്ച് പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി പോക്കുവരവ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ പറഞ്ഞതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ ഞാൻ അവിടെ പോയിരുന്നു. അപ്പോൾ പതിമൂന്നും രണ്ടും പതിനഞ്ച് കുടുംബങ്ങളാണ് സ്കൂളിൽ താമസിക്കുന്നത് എന്നതുകൊണ്ട് അവരെ പുനരധിവസിപ്പിക്കാൻ ഒരു മാസത്തിനകംതന്നെ നടപടി സ്വീകരിക്കുമെന്ന് ഉറപ്പുകൊടുത്തു. എന്നാൽ അതിനുശേഷമാണ് പതിനഞ്ചുമാത്രമല്ല 161 -ഓളം കുടുംബങ്ങൾക്കാണ് കഴിഞ്ഞ കടലാക്രമണത്തിന്റെ ഫലമായി വീട് നഷ്ടപ്പെട്ടത്.

പുനരധിവസിപ്പിക്കുമ്പോൾ ഈ പതിനഞ്ചു പേരെ മാത്രം പുനരധിവസിപ്പിക്കാൻ പറ്റില്ല. 161 പേരെയും പുനരധിവസിപ്പിച്ചേ മതിയാകൂ എന്നുപറഞ്ഞ് എല്ലാവരും എന്റെ ഓഫീസിൽ വരികയുണ്ടായി. 15 പേരെമാത്രം പുനരധിവസിപ്പിക്കുന്ന നിലപാടിലേയ്ക്ക് പോയാൽ ഞങ്ങൾ സെക്രട്ടേറിയറ്റ് പടിക്കൽ തീ കത്തിച്ച് ആത്മാഹൂതി ചെയ്യുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുന്ന തരത്തിലാണ് അവർ വന്നത്. അതൊരു ഇഷ്യൂ ആയി മാറിയതുകൊണ്ട് പതിനഞ്ചു പേരുടെ കാര്യം മാത്രം എടുക്കുന്നത് അസാധ്യമാണ്, മുഴുവൻ ആളുകളെയും എടുത്തുകൊണ്ടു മാത്രമെ പുനരധിവാസം കഴിയുകയുള്ളൂ എന്ന പശ്ചാത്തലത്തിലാണ് നമ്മൾ ആഗ്രഹിച്ച കാര്യം ആ സമയത്തിനുള്ളിൽ നടക്കാതെ പോയത്. അതുകൊണ്ട് മുഴുവൻ ആളുകളെയും പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ചാണ് ഇപ്പോൾ ആലോചിച്ചു വരുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഗ്രീൻ കോറിഡോറും മറ്റും ദീർഘകാല പദ്ധതിയാണ്. എന്നാലും അത്രയും കാലതാമസം ഇതിനുണ്ടാകുകയില്ല. എന്റെ നേതൃത്വത്തിൽ ഇന്നലെയും ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ അടക്കമുള്ള ബന്ധപ്പെട്ടവരെയും വിളിച്ച് അവിടെ യോഗം ചേർന്നിരുന്നു. സ്വീവേജ് തൊഴിലാളികളുടെ പ്രശ്നമാണ് ഇപ്പോൾ അടിയന്തരമായിട്ടുള്ളത്. ഒരാഴ്ച മുമ്പ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവരുടെ പുനരധിവാസവുമായി

ബന്ധപ്പെട്ട് ചർച്ച നടത്തിയിരുന്നു. ആനിമൽ ഹസ്ബന്ററി വകുപ്പുമായി ബന്ധപ്പെട്ട് അതിനൊരു പാക്കേജ് രൂപീകരിക്കുന്ന രീതിയിലാണ് ആ പ്രശ്നം പരിഹരിക്കാൻ കഴിയുന്നത്. ഇപ്പോൾ ഗവൺമെന്റുതന്നെ സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ,... നവംബർ 10-ന് അതിന്റെ ഔദ്യോഗിക അനൗൺസ്മെന്റ് വരികയാണ്. 10-ാം തീയതി കഴിഞ്ഞതിനു ശേഷമുള്ള തൊട്ടടുത്ത ദിവസങ്ങളിൽ, നിലനിൽക്കുന്ന പ്രശ്നം പരിഹരിച്ചുകൊണ്ട് മുട്ടത്തറയിൽ പ്രസ്തുത സ്ഥലത്തുതന്നെ 161 കുടുംബങ്ങളുടെയും പുനരധിവാസത്തിനായി ഭവനനിർമ്മാണത്തിന് തുടക്കം കുറിക്കും. ഈ പ്രത്യേക സാഹചര്യത്തിലാണ് പറഞ്ഞ കാര്യം ആ സമത്തിനുള്ളിൽ നടക്കാതെ പോയത്. പതിനഞ്ച് കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണെങ്കിൽ അപ്പോൾതന്നെ ചെയ്യാമായിരുന്നു. മുഴുവൻ കുടുംബങ്ങളുടെയും പ്രശ്നം വരുമ്പോൾ അതൊരു ന്യായമായ പരിഹാരത്തിൽ കൂടി മാത്രമേ പ്രശ്നത്തിലേയ്ക്ക് നമുക്ക് ഇടപെടാൻ കഴിയുമായിരുന്നുള്ളു. നവംബർ രണ്ടാമത്തെയോ മൂന്നാമത്തെയോ ആഴ്ചയോടുകൂടി ഈ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് പുനരധിവാസത്തിനാവശ്യമായ നിർമ്മാണത്തിന് തുടക്കം കുറിക്കും എന്നതാണ് എനിക്ക് ശ്രീ. വി. എസ്. ശിവകുമാറിനെ അറിയിക്കാനുള്ളത്.